# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## പടിയൂര് ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680020

ഇ-മെയിൽ: dotsr.ksad@kerala.gov.in

ഫോൺ : 0487-2331249

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.ടി.എസ്.പി 10) 1801/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ - 680020
തീയ്യതി: 07/12/2022
ഇ-മെയിൽ: dotsr.ksad@kerala.gov.in
ഫോൺ: 0487-2331249

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പടിയൂര് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : പടിയൂര് ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പടിയൂര് ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.ടി.എസ്.പി 10) 1801/2022 തീയ്യതി: 07/12/2022

തൃശ്ശൂർ ജില്ലയിലെ പടിയൂര് ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശ്ശൂർ ജില്ലയിലെ പടിയൂര് ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2021 മുതൽ 31-03-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2021 മുതൽ 31-03-2022 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 14 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 3 എണ്ണത്തിന മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.സതീശൻ . എൻ | ഡെപ്യൂട്ടി ഡയറക്ടർ[ഹ.ഗ്രേ] | 14-10-2022 | 21-10-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 14-10-2022 | 21-10-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി.ബിത.ടി.എസ്, ഓഡിറ്റ് ഓഫീസർ,
ശ്രീ.നിർമൽ കെ.ജി, ഓഡിറ്റ് ഓഫീസർ,
ശ്രീ.രഞ്ജിത്ത് പി.ആർ, ഓഡിറ്റർ,
ശ്രീമതി.ബിന്ദു.കെ.എസ്, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി. ലത സഹദേവൻ | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| ശ്രീമതി.രാജി. ഇ. അസി. സെക്രട്ടറി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-04-2021 | 06-04-2021 |
| ശ്രീ. സന്തോഷ് കുമാർ എം.ജി | സെക്രട്ടറി | 07-04-2021 | 05-07-2021 |
| ശ്രീമതി.രാജി. ഇ. അസി. സെക്രട്ടറി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 06-07-2021 | 07-07-2021 |
| ശ്രീ.ഷാജൻ വി.എ | സെക്രട്ടറി | 08-07-2021 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.രാജി. ഇ. | അസി. സെക്രട്ടറി | 01-04-2021 | 01-08-2021 |
| ശ്രീമതി. രജനി എം.കെ | അസി. സെക്രട്ടറി | 02-08-2021 | 31-03-2022 |
| ഡോ.ജയചന്ദ്രൻ കെ സി | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | 01-04-2021 | 31-03-2022 |
| ഡോ.ഷൈമ | വെറ്ററിനറി സർജൻ | 01-04-2021 | 31-03-2022 |
| ഡോ.ബിജു.കെ.ആർ | സീനിയർ മെഡിക്കൽ ഓഫീസർ[ആയുർവ്വേദം] | 01-04-2021 | 31-03-2022 |
| ഡോ.സിനി ഇഗ്നേഷ്യസ് | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2021 | 31-03-2022 |
| ശ്രീമതി.സചന പി. സി | കൃഷി ഓഫീസർ | 01-04-2021 | 31-03-2022 |
| ശ്രീമതി. ഗീത.എം.എം. | വി.ഇ.ഒ (പടിയൂർ സർക്കിൾ) | 01-04-2021 | 31-03-2022 |
| ശ്രീമതി. ഗീത.എം.എം. | വി.ഇ.ഒ (എടതിരിഞ്ഞി സർക്കിൾ) | 01-04-2021 | 31-03-2022 |
| ശ്രീമതി. കാർത്ത്യായനി.കെ.വി | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2021 | 31-03-2022 |
| ശ്രീമതി. ഇഷ മുരളി | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2021 | 31-03-2022 |
| ശ്രീമതി. രുഗ്മിണി ടി. വി | അസി.എഞ്ചിനീയർ | 01-04-2021 | 31-03-2022 |

ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക | 1-2 |
| 3 | സാമ്പത്തിക വിശകലനം | 1-3 |
| 4 | ഫണ്ട് വിനിയോഗം | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 7 | ക്യാഷ് പരിശോധന | 1-7 |
| 8 | ക്ഷേമ പെൻഷനുകൾ | 1-8 |
| 9 | ആഭ്യന്തരനിയന്ത്രണം | 1-9 |
| 10 | അടിസ്ഥാന അനുപാതങ്ങൾ സംബന്ധിക്കുന്ന പത്രികകൾ ഓഡിറ്റിന് സമർപ്പിച്ചിട്ടില്ല | 1-10 |
| 11 | വസ്തു നികുതി റെസിഡൻഷ്യൽ (തൻവർഷം)- വാർഷികകണക്കുകളും ഡിസിബി രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല | 1-11 |
| 12 | വസ്തുനികുതി -റെസിഡൻഷ്യൽ(കുടിശ്ശിക)-വാർഷികകണക്കുകളും ഡിസിബി രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല | 1-12 |
| 13 | വസ്തുനികുതി നോൺ-റെസിഡൻഷ്യൽ(തൻവർഷം)- വാർഷികകണക്കുകളും ഡിസിബി രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല | 1-13 |
| 14 | വസ്തുനികുതി നോൺ-റെസിഡൻഷ്യൽ(കുടിശ്ശിക)- വാർഷികകണക്കുകളും ഡിസിബി രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല | 1-14 |
| 15 | വസ്തുനികുതി -കൃത്യ സമയത്ത് ഡിമാന്റ് എൻട്രി രേഖപ്പെടുത്തുന്നില്ല | 1-15 |
| 16 | ഇല്ലാത്ത മുൻകൂർ തുക ക്രമീകരിച്ചു | 1-16 |
| 17 | രജിസ്റ്റർ വാർഷികകണക്കുമായി പൊരുത്തപ്പെടുന്നില്ല | 1-17 |
| 18 | എഴുതി തള്ളിയ തുകകൾക്കും, വരുമാനമായി ക്രമീകരിച്ചിരിക്കുന്ന തുകകൾക്കും, തിരുത്തൽ എൻട്രികൾക്കും അംഗീകരിക്കപ്പെട്ട വൗച്ചറുകൾ ഇല്ല | 1-18 |
| 19 | ജേണൽ വൗച്ചർ - ആധികാരിക രേഖകൾ ഇല്ല | 1-19 |
| 20 | ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല | 1-20 |
| 21 | കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് -ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല | 1-21 |
| 22 | ദുരിതാശ്വാസ ധനസഹായ ഫണ്ട്:-അക്കൗണ്ട്സിൽ ഉൾപ്പെടുത്തിയിട്ടില്ല. | 1-22 |
| 23 | കാലാവധി കഴിഞ്ഞ ചെക്കുകൾ " Liability In Respect Of Stale Cheque" എന്ന ബാധ്യത ശീർഷകത്തിലേയ്ക്ക് മാറ്റിയില്ല | 1-23 |
| 24 | സ്റ്റോക്ക് രജിസ്റ്ററിലെ ന്യൂനതകൾ | 1-24 |
| 25 | Capital Work In Progress - എന്ന ശീർഷകത്തിൽ ചേർത്തിരിക്കുന്ന തുക 0/-രൂപ | 1-25 |
| 26 | ലോൺ രജിസ്റ്റർ | 1-26 |
| 27 | വസ്തുനികുതി -നിരക്കുകളിൽ കാലികസാഹചര്യങ്ങൾ പരിഗണിച്ച് വർദ്ധനവ് വരുത്താവുന്നതാണ്. | 1-27 |
| 28 | വസ്തു നികുതി-മേഖലാ നിർണയത്തിലെ അപാകങ്ങൾ | 1-28 |
| 29 | സാമൂഹ്യ സുരക്ഷാ പെൻഷൻ- മരണശേഷവും പെൻഷൻ നൽകി | 1-29 |
| 30 | പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി-ബാലൻസ് തുക സർക്കാരിലേക്ക് അടവാക്കേണ്ടതാണ്. | 1-30 |
| 31 | ഡെപ്പോസിറ്റ് പ്രവൃത്തികൾ - അപാകതകൾ;ചെലവു തുക 57,79,900/- തടസ്സപ്പെടുത്തുന്നു. | 1-31 |
| 32 | സെക്രട്ടറി നിർവഹണം നടത്തിയ പദ്ധതികൾ- വിനിയോഗ വിവരം/സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്. | 1-32 |
| 33 | ലൈഫ് ഭവന പദ്ധതി-ഭവന നിർമ്മാണം പൂർത്തീകരിക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കേണ്ടതാണ്. | 1-33 |
| 34 | ഐ.സി.ഡി.എസ് സൂപ്പർ വൈസർ നിർവ്വഹണം നടത്തിയ പ്രൊജക്ടുകൾ,അംഗനവാടികളുടെ പൊതു നിലവാരം-രേഖകൾ സഹിതം വിശദീകരണം ലഭ്യമാക്കേണ്ടതാണ്. | 1-34 |
| 35 | ജി.എസ്.ടിയിനത്തിൽ കരാറുകാരന് തുക അധികം നൽകി.42250/-രൂപ തടസ്സപ്പെടുത്തുന്നു. | 1-35 |
| 36 | മരാമത്ത് പ്രവൃത്തികൾ വൈകി പൂർത്തീകരിച്ചതിന് പിഴ ഈടാക്കിയിട്ടില്ല. | 1-36 |
| 37 | തൊഴിലുറപ്പ് പദ്ധതി-ക്യാറി മക്ക് ഉപയോഗിച്ചുള്ള ഫില്ലിംഗിന് അധിക നിരക്ക് നൽകി. | 1-37 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| | --- No Records Found --- | |
| | ഭാഗം **4** | |
| 1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-3 |
| 4 | വായ്പ / വായ്പാതിരിച്ചടവ് | 4-4 |
| 5 | സ്ഥിര നിക്ഷേപം | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-7 |
| 8 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-10 |
| | അനുബന്ധം | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

## ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

| | | |
|---|---|---|
| ബജറ്റ് പാസ്സാക്കിയ തീയതി, കമ്മിറ്റി തീരുമാനം | 26.02.2021, തീരുമാനം നം.1 | |
| പ്രതീക്ഷിത വരവ്,ചെലവ് എന്നിവ | വരവ് | ചെലവ് |
| | 171611157 | 168310561 |
| റിവൈസ്ഡ് ബജറ്റ് പാസ്സാക്കിയ തീയതി,കമ്മിറ്റി തീരുമാനം | 21.03.2022, തീരുമാനം നം. 1 | |
| പ്രതീക്ഷിത വരവ്, ചെലവ് എന്നിവ | വരവ് | ചെലവ് |
| | 157627096 | 154357561 |

### 1-2 വാർഷിക ധനകാര്യ പത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31-07-2022 | 26.05.2022 |

### 1-3 സാമ്പത്തിക വിശകലനം

| - | തുക (രൂപ) |
|---|---|
| മുന്നിരിപ്പ് | 6,614,716.00 |
| ഓഡിറ്റ് വർഷത്തെ വരവ് | 62,922,736.00 |
| ആകെ | 69,537,452.00 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 59,184,459.00 |
| നീക്കിയിരിപ്പ് | 10,352,993.00 |

### 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | 0 | 10015722 | 10015722 | 9723570 | 292152 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | 0 | 4542376 | 4542376 | 4489945 | 52431 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | 0 | 7586180 | 7586180 | 4508841 | 3077339 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | 0 | 5092357 | 5092357 | 4853319 | 239038 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് [CFC Tied Grant+ Untied Basic Grant] (ACR പ്രകാരം) | 0 | 9532850 | 9532850 | 6906431 | 2626419 |

### 1-5 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ചവ (എണ്ണം) | അടങ്കൽ (തുക) | നടപ്പിലാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പിലാക്കിയത് | നടപ്പിലാക്കാത്തത് | പൂർത്തീകരിച്ചതിന്റെ ശതമാനം |
|---|---|---|---|---|---|---|
| 133 | 81717866 | 112 | 43892777 | 13 | 8 | 84.21% |

### 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 7744 | 918422 | 926166 | 926166 | 0 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 18342229 | 18342229 | 18342229 | 0 |

### 1-7 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 14-10-2022 തീയതിയിൽ 3.00 PM ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 5263 /- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

### 1-8 ക്ഷേമ പെൻഷനുകൾ

| പദ്ധതിയുടെ പേര് | ചെലവ് തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിതവേതനം | 0 | 0 |

| | | |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 7158400 | 458 |
| വിധവാ പെൻഷൻ | 11331200 | 743 |
| വാർദ്ധക്യകാലപെൻഷൻ | 27474200 | 1902 |
| വികലാംഗപെൻഷൻ | 3919200 | 251 |
| 50 വയസ്സിന് മേൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 961600 | 62 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായം | 0 | 0 |

## 1-9 ആഭ്യന്തരനിയന്ത്രണം

1.തനതു വരുമാനം ഉലോം കുറവായ പഞ്ചായത്തിൽ ആയത് വർദ്ധിപ്പിക്കുന്നതിനുള്ള കാര്യക്ഷമമായ നിർദ്ദേശങ്ങളോ ചർച്ചകളോ ധനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റി തലത്തിൽ ഉണ്ടാവുകയോ ബജറ്റിൽ പുതിയ വരുമാന നിർദ്ദേശങ്ങൾ ഉൾപ്പെടുത്തുകയോ ചെയ്തിട്ടില്ല.

ഉദാ: മുഖ്യവരുമാന സ്രോതസ്സായ വസ്തു നികുതിയിനത്തിൽ താമസ കെട്ടിടങ്ങൾക്ക് ചതുരശ്ര മീറ്ററിന് 5 രൂപയാണ് ഈടാക്കുന്നത്. പഞ്ചായത്തിന്റെ നിലവിലെ സാമൂഹ്യ സാമ്പത്തിക സ്ഥിതി വിലയിരുത്തി ആയത് വർദ്ധിപ്പിക്കുന്നതിന് ഉചിതമായ തീരുമാനം ഭരണസമിതിതലത്തിൽ എടുക്കാവുന്നതാണ്.

2.വാർഷിക പദ്ധതി രൂപീകരണത്തിന്റെ ഭാഗമായി പഞ്ചായത്തു തല ആസൂത്രണ സമിതി, വർക്കിംഗ് ഗ്രൂപ്പുകൾ ഉൾപ്പെടെയുള്ളവ കാര്യക്ഷമമായി പ്രവർത്തിക്കാൻ മേൽ നോട്ട ചുമതലയുള്ള സ്റ്റാന്റിംഗ് കമ്മറ്റികളുടെ പ്രവർത്തനം കാര്യക്ഷമമല്ല. വർക്കിംഗ് ഗ്രൂപ്പുകൾ തയ്യാറാക്കുന്ന സ്റ്റാറ്റസ് റിപ്പോർട്ടുകളുടെ കൃത്യത പരിശോധിക്കേണ്ടതും നിർദ്ദേശിക്കപ്പെടുന്ന പ്രോജക്ട് ആശയങ്ങൾ നടപ്പിലാക്കുന്നുവെന്ന് ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മറ്റികൾ ഉറപ്പുവരുത്തേണ്ടതുമാണ്.

3.പദ്ധതി രൂപീകരണ ഘട്ടം കഴിഞ്ഞ് നിർവ്വഹണം ആരംഭിക്കുമ്പോൾ വർക്കിംഗ് ഗ്രൂപ്പുകൾ പദ്ധതികൾ തുടർച്ചയായി മോണിറ്ററിംഗിന് വിധേയമാക്കണം. എന്നാൽ ഈ നിബന്ധന പാലിച്ചിട്ടില്ല.

4.അസറ്റ് രജിസ്റ്റർ കാലികമല്ല. അസറ്റ് രജിസ്റ്ററിൽ മൂല്യം ചേർക്കാത്തതിനാൽ ബാലൻസ് ഷീറ്റിൽ ചേർത്ത അസറ്റുകളുടെ മൂല്യത്തിന്റെ കൃത്യത ഉറപ്പ് വരുത്താൻ കഴിയില്ല.അസറ്റ് രജിസ്റ്റർ നവീകരിക്കുന്നതിന് സത്വരനടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-10 അടിസ്ഥാന അനുപാതങ്ങൾ സംബന്ധിക്കുന്ന പത്രികകൾ ഓഡിറ്റിന് സമർപ്പിച്ചിട്ടില്ല

1.വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ സംബന്ധിക്കുന്ന പത്രിക ഉൾപ്പെടുത്തിയിട്ടില്ല. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011,ചട്ടം 62 (എഫ്))

2.സർക്കാർ ഉത്തരവ് (കൈ) 16/21 ത.സ്വ.ഭ.വ തീ 23/1/21 പ്രകാരം വാർഷിക കണക്കുകളോടൊപ്പം നിർബന്ധിതമാക്കിയിരുന്ന ഗ്രാന്റ് സ്റ്റേറ്റ്മെന്റ് ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. (ഓഡിറ്റ് എൻക്വയറി നം.54/18/10/21)

## 1-11 വസ്തു നികുതി റെസിഡൻഷ്യൽ (തൻവർഷം)- വാർഷികകണക്കുകളും ഡിസിബി രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല

വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ നിന്നും ലഭിക്കുന്ന വസ്തുനികുതി ഡിമാന്റ് തുക ആണ് കണക്കുകൾ തയ്യാറാക്കുന്ന സോഫ്റ്റ്‌വെയർ ആയ "സാംഖ്യ"യിൽ ഡിമാന്റ് ആയി ചേർക്കുന്നത്.വസ്തുനികുതി സ്വീകരിച്ച് രസീത് നൽകുന്നതും ലെഡ്ജർ തയ്യാറാക്കുന്നതും "സാംഖ്യ" സോഫ്റ്റ്‌വെയർ ഉപയോഗിച്ചാണ്. ഇതിലെ രസീത് കളക്ഷനാണ് വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ യാന്ത്രികമായി പോസ്റ്റ് ചെയ്യപ്പെടുന്നതും. ഇപ്രകാരം തയ്യാറാക്കുന്നതിനാൽ ഡി.സി.ബി രജിസ്റ്റർ പ്രകാരവും വാർഷികകണക്കുകളിലെ പത്രികകൾ പ്രകാരവുമുള്ള ഡിമാന്റ്,കളക്ഷൻ,നീക്കിയിരിപ്പ് എന്നീ ഇനങ്ങളിലെ തുകകൾ പൊരുത്തപ്പെടേണ്ടതാണ്. എന്നാൽ "സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെയും ലൈബ്രറി സെസ്സിന്റെയും ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളും "സാംഖ്യ" സോഫ്റ്റ്‌വെയർ -ൽ തയ്യാറാക്കിയ വാർഷിക കണക്കിലെ തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.മേൽ സാഹചര്യത്തിൽ വാർഷികകണക്കുകളും , ഡി.സി.ബി രജിസ്റ്ററും പൊരുത്തപ്പെടാതിരിക്കുന്നതിന് കാരണം കണ്ടെത്തി പരിഹരിക്കേണ്ടതാണ്.

തൻവർഷം

റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 1720986 | 1706554 | 7957 | 12082 |
| വാർഷിക കണക്കിലെ വിവിധ പത്രികകൾ പ്രകാരം | 1720986 | 1706554 | 7897 | *12082 |
| | (ഇൻകം & എക്സ്പെൻഡിച്ചർ അക്കൌണ്ട്, ഷെഡ്യൂൾ ഐ-1) | (റസീറ്റ് & പേയ്മെന്റ് പത്രിക ,ഷെഡ്യൂൾ ആർ.പി-43) | ( 350410101-Advance Collection-PT On Res. Bldg-ന്റെ ലെഡ്ജർ) | *(12689/105X100) = 12085/- (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15)ചെറിയ തുക വ്യത്യാസം, റൌണ്ട് ഓഫ് തുകയായി പരിഗണിച്ച് സഞ്ചയയിലെ തുക എടുക്കുന്നു |

1."സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെയും ലൈബ്രറി സെസ്സിന്റെയും ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളിൽ നീക്കിയിരിപ്പ് കണക്കാക്കുന്നതിൽ ഗണിതക്രിയയിൽ തന്നെ വ്യത്യാസം വന്നതായി കാണുന്നു.ഡിമാന്റ് -(കളക്ഷൻ+ ബുക്ക് അഡ്ജസ്റ്റ്മെന്റ്) = ബാക്കി എന്ന രീതിയിൽ കൃത്യമായ ബാക്കി തുക സോഫ്റ്റ്‌വെയറിൽ കണക്കാക്കപ്പെടുന്നില്ല.(ഉദാ:2.1.1, 2.1.2, 2.2.1,.2.2.2 എന്നി ഖണ്ഡികയിലെ പട്ടികകൾ).

2.ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി -15 പ്രകാരം വസ്തുനികുതിയിനത്തിലെ ആകെ കിട്ടാനുള്ള തുക (5% ലൈബ്രറി സെസ്സ് ഉൾപ്പെടെ)118726/-രൂപയാണ്. ഇത് പ്രകാരം ഇതേ ഷെഡ്യൂളിൽ "431910101-State Govt Levies In Property Tax" എന്ന ശീർഷകത്തിൽ വരേണ്ട തുക 5654/- (118726/105X5 )ആണ്.എന്നാൽ ഈ ശീർഷകത്തിൽ 5666/-രൂപ ചേർത്തിട്ടുണ്ട്.വ്യത്യാസം പരിഹരിക്കേണ്ടതാണ്.

3.ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15 പ്രകാരം വസ്തുനികുതി ഇനത്തിൽ കുടിശ്ശിക ഉണ്ട്.എന്നാൽ നികുതി ,നികുതിയേതര കുടിശ്ശിക വർഷാടിസ്ഥാനത്തിൽ കണക്കാക്കി ,സർക്കാർ ഉത്തരവ് 152/2011/ത.സ്വ.ഭ.വ തീ.26/7/2011 ,കേരള പഞ്ചായത്ത് രാജ് അക്കൌണ്ട് ചട്ടങ്ങൾ 2011(ചട്ടം58(4)എച്ച്) എന്നിവ പ്രകാരം ലഭ്യത സംശയാസ്പാദമായ തുക കണക്കാക്കി ഇൻകം & എക്സ്പെൻഡിച്ചർ അക്കൌണ്ടിൽ പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.

## 1-12 വസ്തുനികുതി -റെസിഡൻഷ്യൽ(കുടിശ്ശിക)-വാർഷികകണക്കുകളും ഡിസിബി രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല

കുടിശ്ശിക

റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | ബാക്കി |
|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 33025 | 15935 | 17107 |
| വാർഷിക കണക്കിലെ വിവിധ പത്രികകൾ | *33299 | 15935 | **17107 |
| | *(2020-21 ലെ | (റസീറ്റ് & | **(ബാലൻസ്ഷീറ്റ് |

| | | | |
|---|---|---|---|
| പ്രകാരം | ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15)<br>(18209+16754.80= 34963.80/105*100) | പേയ്മെന്റ് പത്രിക ,ഷെഡ്യൂൾ ആർ.പി-43) | ഷെഡ്യൂൾ ബി-15)<br>(17969.80/105X100) =17114 |

1."സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെ ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളിൽ നീക്കിയിരിപ്പ് കണക്കാക്കുന്നതിൽ ഗണിതക്രിയയിൽ തന്നെ വ്യത്യാസം വന്നതായി കാണുന്നു. ഡിമാന്റ് – (കളക്ഷൻ + ബുക്ക് അഡ്ജസ്റ്റ്മെന്റ്) = ബാക്കി എന്ന രീതിയിൽ കൃത്യമായ ബാക്കി തുക സോഫ്റ്റ്‌വെയറിൽ കണക്കാക്കപ്പെടുന്നില്ല.

## 1-13 വസ്തുനികുതി നോൺ-റെസിഡൻഷ്യൽ(തൻവർഷം)- വാർഷികകണക്കുകളും ഡിസിബി രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല

കുടിശ്ശിക
നോൺ-റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 914057 | 883560 | 844 | 33438 |
| വാർഷിക കണക്കിലെ വിവിധ പത്രികകൾ പ്രകാരം | 914057 | 883560 | 1965 | *33438 |
| | (ഇൻകം & എക്സ്പെൻഡിച്ചർ അക്കൌണ്ട്, ഷെഡ്യൂൾ ഐ-1) | (റസീറ്റ് & പേയ്മെന്റ് പത്രിക ,ഷെഡ്യൂൾ ആർ.പി-43) | ( 350410104-Advance Collection -PT On NR Bldg-ന്റെ ലെഡ്ജർ) | *(35112 /105X100) =33440 (ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-15) |

"സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെ ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളിൽ നീക്കിയിരിപ്പ് കണക്കാക്കുന്നതിൽ ഗണിതക്രിയയിൽ തന്നെ വ്യത്യാസം വന്നതായി കാണുന്നു. ഡിമാന്റ് – (കളക്ഷൻ + ബുക്ക് അഡ്ജസ്റ്റ്മെന്റ്) = ബാക്കി എന്ന രീതിയിൽ കൃത്യമായ ബാക്കി തുക സോഫ്റ്റ്‌വെയറിൽ കണക്കാക്കപ്പെടുന്നില്ല.

## 1-14 വസ്തുനികുതി നോൺ-റെസിഡൻഷ്യൽ(കുടിശ്ശിക)- വാർഷികകണക്കുകളും ഡിസിബി രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല

നോൺ-റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | ബാക്കി |
|---|---|---|---|
| "സഞ്ചയ" സോഫ്റ്റ് വെയർ പ്രകാരം | 60937 | 10506 | 50432 |
| വാർഷിക കണക്കിലെ വിവിധ പത്രികകൾ പ്രകാരം | 60942 | 10506 | 50432 |
| | (2020-21 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15)<br>*(27477+36512 =63989/105*100) | (റസീറ്റ് & പേയ്മെന്റ് പത്രിക ,ഷെഡ്യൂൾ ആർ.പി-43) | **(52956/105X100) =50434/-ചെറിയ തുക വ്യത്യാസം, റൌണ്ട് ഓഫ് തുകയായി പരിഗണിച്ച് സഞ്ചയയിലെ തുക എടുക്കുന്നു. (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) |

## 1-15 വസ്തുനികുതി -കൃത്യ സമയത്ത് ഡിമാന്റ് എൻട്രി രേഖപ്പെടുത്തുന്നില്ല

1/4/2021 ൽ നിലവിലുള്ള കെട്ടിടങ്ങളുടെ വസ്തുനികുതി ഡിമാന്റ് തുക (റെസിഡൻഷ്യൽ/നോൺ റസിഡൻഷ്യൽ) വർഷാരംഭത്തിൽ ഡിമാന്റ് തുകയായി രേഖപ്പെടുത്തേണ്ടിയിരുന്നതും 2018-19 ൽ അസസ്സ്ചെയ്യപ്പെടുന്ന വസ്തുനികുതി ഉൾപ്പെടെയുള്ള,അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ് മെന്റ്,അസസ്സ്മെന്റ് രജിസ്റ്റർ,അസസ്സമെന്റ്/ഡിമാന്റ് നോട്ടീസ് എന്നിവയുടെ അടിസ്ഥാനത്തിൽ പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന ചേർക്കേണ്ടിയിരുന്നതുമാണ്.(കേരള പഞ്ചായത്ത് രാജ് അക്കൌണ്ട് ചട്ടങ്ങൾ,ചട്ടം 17(2)) .പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ തന്നെ ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എൻട്രികൾ മുഖേന ചെയ്യേണ്ടതുമാകുന്നു.ഈ രേഖപ്പെടുത്തൽ ജേണൽ വൌച്ചർ,വർക് ഷീറ്റ്, നിയമാനുസൃത അനുമതി എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കണം ചെയ്യേണ്ടത്.2021-22 വർഷത്തിൽ പടിയൂർ ഗ്രാമപഞ്ചായത്തിൽ 91 പുതിയ കെട്ടിടങ്ങൾക്ക് നികുതി ചുമത്തിയിട്ടുണ്ട്(അസസ്സെമെന്റ് രജിസ്റ്റർ പ്രകാരം).എന്നാൽ 2021-22 ലെ "110100101-Property Tax On Residential Buiding"എന്ന ശീർഷകത്തിലേയും "110100103-Property Tax On Non Residential Buiding" എന്ന ശീർഷകത്തിലേയും ലെഡ്ജറുകൾ പരിശോധിച്ചതിൽ നിന്നും 2021-22 സാമ്പത്തിക വർഷത്തെ ഡിമാന്റ് 2 തവണ മാത്രം രേഖപ്പെടുത്തിയിരിക്കുന്നതായി കാണുന്നു.ഈ ഡിമാന്റ് എൻട്രികൾക്കും സാധുത നല്കുന്ന വൌച്ചറുകളും ഇല്ല. "സഞ്ചയ" സോഫ്റ്റ് വെയറിൽ നിന്നും വർഷാവസാനം ഉള്ള ഡിമാന്റ് തുകയിലേക്ക് വാർഷികകണക്കിലെ തുക ക്രമീകരിക്കുന്ന രീതിയിൽ രേഖപ്പെടുത്തലുകൾ നടത്തിവരുകയാണ് ചെയ്യുന്നത് എന്ന് ഇതിൽ നിന്ന് വ്യക്തമാണ്.ആയതിനാൽ നിയമപ്രകാരമുള്ള റമിഷൻ ,എഴുതി തള്ളൽ തുടങ്ങിയവ സംബന്ധിച്ച് കണക്കുകളിൽ രേഖപ്പെടുത്തൽ ഇല്ലാതെ പോകുന്നു.ചട്ടത്തിൽ നിർദ്ദേശിച്ച രീതിയിൽ വസ്തുനികുതിഡിമാന്റ് നിയമപ്രകാരം ഉത്ഭവിക്കുന്ന സമയത്ത് തന്നെ രേഖപ്പെടുത്തലുകൾ വരുത്തുന്നതിനും രജിസ്റ്ററുകളുമായി പ്രതിമാസ പൊരുത്തപ്പെടുത്തൽ നടത്തി ആഭ്യന്തരനിയന്ത്രണ സംവിധാനം ഫലപ്രദമാക്കുന്നതിനും ,ഡിമാന്റ് എൻട്രികൾക്ക് സാധുത നല്കുന്ന വൌച്ചറുകളും അനുബന്ധ രേഖകളും സൂക്ഷിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതുമാണ്.

## 1-16 ഇല്ലാത്ത മുൻകൂർ തുക ക്രമീകരിച്ചു

2020-21 വർഷത്തെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-9 "Other Liabilities" എന്ന ശീർഷകത്തിൽ വസ്തുനികുതിയിനത്തിൽ മുൻകൂർ ആയി ലഭിച്ചതും എന്നാൽ 30/3/2021 ൽ ക്രമീകരിക്കാൻ അവശേഷിക്കുന്നതുമായ തുകയേക്കാൾ കൂടുതൽ തുക 2021-22 വർഷം ഈയിനത്തിൽ ക്രമീകരിച്ചതായി കാണുന്നു. "Prior Period Items" എന്ന നോമിനൽ അക്കൌണ്ട് പ്രകാരം അഡ്വാൻസ് തുക വർദ്ധിപ്പിക്കുകയും തുടർന്ന് ആയത് തൻവർഷത്തേക്ക് ക്രമീകരിക്കുകയുമാണ് ചെയ്തത്.ക്യാഷ് ആയി അഡ്വാൻസ് തുക ലഭിച്ചിട്ടില്ല. മേൽ വർദ്ധനക്ക് ആധാരമായ വൌച്ചറുകളോ മറ്റ് രേഖകളോ സൂക്ഷിച്ചിട്ടുമില്ല. ക്രമീകരിച്ച തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്ര.ന | ശീർഷകം | ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 പ്രകാരം 31/3/21ൽ ക്രമീകരിക്കാൻ അവശേഷിക്കുന്ന തുക | 2021-22ലെ ലെഡ്ജർ പ്രകാരം തൻവർഷം ക്രമീകരിച്ച തുക |
|---|---|---|---|
| 1 | 350410101-Advance Collection Of Revenues -Property Tax On Non-Residential Building | 2010 | 3975 |

## 1-17 രജിസ്റ്റർ വാർഷികകണക്കുമായി പൊരുത്തപ്പെടുന്നില്ല

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 “Other Liabilities” എന്ന ശീർഷകം പ്രകാരം താഴെ ചേർത്തിരിക്കുന്ന വരുമാനങ്ങൾക്ക് മുൻകൂർ ആയി തുക ലഭിച്ചിട്ടുണ്ട്.എന്നാൽ അതാത് ഡിമാന്റ് രജിസ്റ്ററിലോ പ്രത്യേകം രജിസ്റ്ററിലോ മുൻകൂർ തുകയുടെ കണക്കുകൾ രേഖപ്പെടുത്തുകയോ, ബാലൻസ്ഷീറ്റുമായി പൊരുത്തപ്പെടുത്തി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുകയോ ചെയ്തിട്ടില്ല.

| ക്ര.ന | വരുമാനം | മുൻകൂർ ശീർഷകം | 31/3/2021 ലെ മുൻകൂർ തുക |
|---|---|---|---|
| 1 | തൊഴിൽ നികുതി | 350410102-Advance Collection Of Revenues-Profession Tax /Inst/trad/prof | 74250 |
| 2 | ഡി &ഒ | 350410301-Advance Collection Of Revenues-Licence Fees For Dangerous And Offensive Trades | 64500 |

## 1-18 എഴുതി തള്ളിയ തുകകൾക്കും, വരുമാനമായി ക്രമീകരിച്ചിരിക്കുന്ന തുകകൾക്കും, തിരുത്തൽ എൻട്രികൾക്കും അംഗീകരിക്കപ്പെട്ട വൗച്ചറുകൾ ഇല്ല

ഇൻകം & എക്സ്പെൻഡിച്ചർ അക്കൌണ്ട്(ഐ-18) പ്രകാരം “280000000-Prior Period Item” എന്ന ശീർഷകത്തിൽ ഉൾപ്പെടുന്ന താഴെ പറയുന്ന ലെഡ്ജറുകളിൽ ജേണൽ വൌച്ചർ മുഖേന എഴുതി തള്ളിയ തുകകൾക്കും ,വരുമാനമായി ക്രമീകരിച്ചിരിക്കുന്ന തുകകൾക്കും ,തിരുത്തൽ എൻട്രികൾക്കും അംഗീകരിക്കപ്പെട്ട വൌച്ചറുകളോ,രേഖപ്പെടുത്തലുകൾക്ക് പിൻബലം നൽകുന്ന വർക്ഷീറ്റുകളോ ,ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.ആയതിനാൽ താഴെ ചേർത്തിരിക്കുന്ന ലെഡ്ജർ പ്രകാരമുള്ള രേഖപ്പെടുത്തലുകൾ നിയമാനുസൃതം ആണെന്നോ കൃത്യമാണെന്നോ ഉറപ്പ് വരുത്തുന്നതിന് സാധിച്ചിട്ടില്ല.

| ശീർഷകം (ഇൻകം & എക്സ്പെൻഡിച്ചർ അക്കൌണ്ട് ,ഷെഡ്യൂൾ I-18) | 31/3/2022ലെ ലെഡ്ജർ ബാക്കി |
|---|---|
| 280100101-Prior Period Income - Property Tax On Residential Buildings | (1945) |
| 280100104-Prior Period Income-Property Tax On Non Residential Buildings | (320) |
| 280100102-Prior Period Income-Profession Tax (Institution/Professionals/Traders | (1250) |
| 280800701-Prior Period -Miscellaneous | (644241) |

## 1-19 ജേണൽ വൗച്ചർ - ആധികാരിക രേഖകൾ ഇല്ല

കാഷ് അല്ലെങ്കിൽ ബാങ്ക്/ട്രഷറി അക്കൗണ്ടുകളുമായി ബന്ധമില്ലാത്ത ഇടപാടുകൾ ജേണൽബുക്കിൽ രേഖപ്പെടുത്തേണ്ടതാണ്.(പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ2011. ചട്ടം 7) ജേണൽ വൗച്ചറുകൾ ഉൾപ്പെടെ എല്ലാ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക്ക്ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. നിലവിൽ ഇപ്രകാരം ഒരു നിയന്ത്രണം ഇല്ലാതെയാണ് ജേണൽ എൻട്രികൾ രേഖപ്പെടുത്തുന്നത്. പ്രധാനമായും വസ്തു നികുതിയിനത്തിലുള്ള പിരിവ്, ബാക്കി, മുൻകൂർ, കുടിശ്ശിക ഡിമാന്റ്, കുടിശ്ശിക പിരിവ്, കുടിശ്ശിക ബാക്കി എന്നിവ എഴുതി തള്ളാനും, ക്രമീകരിക്കാനും സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരമുള്ള ഡി.സി.ബി രജിസ്റ്ററിലെ തുകയിലേയ്ക്ക് മാനുവലായി പൊരുത്തപ്പെടുത്താനും, മുൻകൂർ തുക വർദ്ധിപ്പിക്കുന്നതിനും നടത്തുന്ന ജേണൽ എൻട്രികൾക്ക് യാതൊരു വൗച്ചറും സൂക്ഷിക്കുന്നില്ല. എല്ലാ ജേണൽ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക്ക് ഷീറ്റുകൾ എന്നിവ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

## 1-20 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല

ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ബാലൻസ്ഷീറ്റിൽ പരാമർശിച്ചിട്ടുള്ള സ്ഥിരാസ്തികളുടെ അസ്തിത്വവും മൂല്യവും പരിശോധിക്കാൻ സാധിക്കുന്ന മാതൃകയിലല്ല ആസ്തി രജിസ്റ്റർ തയ്യാറാക്കുന്നത്. ഗ്രാമപഞ്ചായത്തിൽ സൂക്ഷിച്ചിട്ടുള്ള ആസ്തി രജിസ്റ്ററിൽ സ്ഥിരാസ്തികളുടെ മൂല്യം പ്രതിഫലിക്കുന്നില്ല. ഉദാഹരണം റോഡുകളുടെ മൂല്യം നിർണയിക്കുന്ന കാര്യത്തിൽ 1995 മുതൽക്കുള്ള നിർമാണച്ചെലവ്, അറ്റകുറ്റപ്പണിക്ക് വേണ്ടി വന്ന ചെലവ്, വാർഡ് നം., തേയ്മാനം എന്നിവയൊന്നും രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

സ്ഥിരാസ്തികളുടെ മൂല്യത്തിന്റെ ആധികാരികത നിർണയിക്കുന്നതിന്റെ സാധുത ഉറപ്പുവരുത്തുന്നത് ആസ്തി രജിസ്റ്ററിലെ രേഖപ്പെടുത്തലിന്റെ അടിസ്ഥാനത്തിലാണ്. ആയതിനാൽ ആസ്തി രജിസ്റ്റർ കുറ്റമറ്റ രീതിയിൽ പരിപാലിക്കുന്നതിന് വേണ്ടിയുള്ള നടപടികൾ ത്വരിതമാക്കേണ്ടതാണ്.

## 1-21 കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് -ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല

വാർഷികകണക്കിനോടൊപ്പം സമർപ്പിച്ചിരിക്കുന്ന കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ താഴെ ചേർത്തിരിക്കുന്ന ന്യൂനതകൾ ഉള്ളതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല.

കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2021-22 കാലയളവിലെ "Net Increase In Cash And Cash Equivents” ആയി രേഖപ്പെടുത്തിയിരിക്കുന്നത് 3738277/-രൂപയാണ്.എന്നാൽ ഇതേ പത്രികയിൽ 2021-22 കാലയളവിൽ "Net Cash Generated By Operating+Investing+Financing Activity” ആയി രേഖപ്പെടുത്തിയിരിക്കുന്നത് 7487270/-രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൌണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകൾ പൊരുത്തപ്പെടുന്നില്ല.

## 1-22 ദുരിതാശ്വാസ ധനസഹായ ഫണ്ട്:-അക്കൗണ്ട്സിൽ ഉൾപ്പെടുത്തിയിട്ടില്ല.

സ.ഉ.നം.ജി.ഒ(എം.എസ്)83/11/LSGD/28.03.2011 ലെ ചട്ടം 13(5)പ്രകാരം ഓരോ ഫണ്ടിനുള്ള ധനകാര്യ പത്രികകൾക്ക് പുറമേ പഞ്ചായത്ത് ഫണ്ടിന് മൊത്തമായി സമാഹൃത ധനകാര്യ പത്രിക തയ്യാറാക്കേണ്ടതാണ് എന്ന് നിർദ്ദേശിച്ചിട്ടുണ്ട്.എന്നാൽ പഞ്ചായത്തിൽ ദുരിതാശ്വാസ ധനസഹായ ഫണ്ട് ഇനത്തിൽ SBI,എടത്തിരുത്തി ബ്രാഞ്ചിൽ അക്കൗണ്ട് നം.40172144618 ൽ 48278.05/-രൂപ നീക്കിയിരിപ്പുണ്ട്.ആയത് 2021-22 വർഷത്തിലെ അക്കൗണ്ട്സിൽ ഉൾപ്പെടുത്തിയിട്ടില്ല.

## 1-23 കാലാവധി കഴിഞ്ഞ ചെക്കുകൾ " Liability In Respect Of Stale Cheque” എന്ന ബാധ്യത ശീർഷകത്തിലേയ്ക്ക് മാറ്റിയില്ല

താഴെ ചേർത്തിരിക്കുന്ന കാലാവധി കഴിഞ്ഞ ചെക്കുകൾ " Liability In Respect Of Stale Cheque” എന്ന ബാധ്യത ശീർഷകത്തിലേയ്ക്ക് മാറ്റി ബാങ്ക് ബുക്ക് നീക്കിയിരിപ്പ് ക്രമീകരിച്ചിട്ടില്ല.(കേരള പഞ്ചായത്ത് രാജ് അക്കൌണ്ട് ചട്ടങ്ങൾ 2011(ചട്ടം 46)).ആയത് ക്രമീകരിക്കേണ്ടതാണ്.(Bank-SCB And A/c.No.7507)

| ചെക്ക് നമ്പർ | തീയ്യതി | തുക |
|---|---|---|
| 40946 | 28.07.2021 | 595/- |
| 39507 | 04.05.2021 | 1000/- |

## 1-24 സ്റ്റോക്ക് രജിസ്റ്ററിലെ ന്യൂനതകൾ

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-14 പ്രകാരം ക്ലോസിങ് സ്റ്റോക്ക് പൂജ്യം എന്ന് കാണിച്ചിരിക്കുന്നു. സ്റ്റോക്ക് രജിസ്റ്ററിൽ സ്റ്റോക്കിന്റെ വർഷാന്ത്യ മൂല്യം കണക്കാക്കി എഴുതേണ്ടതുണ്ട്. എന്നാൽ സ്റ്റോക്കിലെടുക്കേണ്ടതായ സാമഗ്രികൾ പഞ്ചായത്തിൽ ഉണ്ടായിരുന്നിട്ടും സ്റ്റോക്ക് രജിസ്റ്റർ വർഷാന്ത്യമൂല്യം കണക്കാക്കി ഹാജരാക്കിയിട്ടില്ല. സ്റ്റോക്കിന്റെ ഭൗതിക പരിശോധന നടത്തി സാക്ഷ്യപത്രം രേഖപ്പെടുത്തിയിട്ടില്ല. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 58, 4(എ)).

## 1-25 Capital Work In Progress - എന്ന ശീർഷകത്തിൽ ചേർത്തിരിക്കുന്ന തുക 0/-രൂപ

അസിസ്റ്റന്റ് എഞ്ചിനീയർ നടപ്പാക്കിയ പ്രോജക്ടുകളിൽ 31/3/2022 വരെ പാർട്ട് ബിൽ നല്കിയതും എന്നാൽ 31/3/2022 ൽ പണിപൂർത്തീകരിക്കാത്തതുമായ പ്രവൃത്തികളുടെ തുക 293452/-രൂപയാണ്. എന്നാൽ 31/3/2022 ലെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ പ്രകാരം Capital Work In Progress എന്ന ശീർഷകത്തിൽ ചേർത്തിരിക്കുന്ന തുക 0/-രൂപ യാണ്.

## 1-26 ലോൺ രജിസ്റ്റർ

ലോൺ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ആയതിനാൽ വാർഷികകണക്കിലെ ലോൺ ബാലൻസ് പരിശോധന പൂർത്തിയാക്കാനായില്ല.

## 1-27 വസ്തുനികുതി -നിരക്കുകളിൽ കാലികസാഹചര്യങ്ങൾ പരിഗണിച്ച് വർദ്ധനവ് വരുത്താവുന്നതാണ്.

പഞ്ചായത്തിന്റെ മുഖ്യ നികുതി വരുമാന സ്രോതസ്സ് വസ്തുനികുതിയാണ്. 2011 ലെ കേരള പഞ്ചായത്ത് രാജ് വസ്തുനികുതിയും സേവന ഉപനികുതിയും സർ ചാർജ്ജും ചട്ടങ്ങൾ ചട്ടം 4 പ്രകാരം ഗ്രാമപഞ്ചായത്ത് അടിസ്ഥാന വസ്തു നികുതി നിരക്കുകളും അവ പ്രാബല്യത്തിൽ വരുന്ന തിയതിയും കാലയളവും വ്യക്തമാക്കുന്ന വിജ്ഞാപനം പുറപ്പെടുവിക്കേണ്ടതാണ്. ചട്ടം 4 ൽ 5 പ്രകാരം വസ്തുനികുതി നിരക്കുകൾക്ക് അവ പ്രാബല്യത്തിൽ വരുന്ന തീയതി മുതൽ അഞ്ച് വർഷ കാലയളവിലേക്ക് പ്രാബല്യം ഉണ്ടായിരിക്കുന്നതും അടുത്ത ഓരോ അഞ്ചു വർഷ കാലയളവിലേക്കും പ്രാബല്യത്തിലുണ്ടായിരിക്കേണ്ട നിരക്കുകൾ പഞ്ചായത്ത് രാജ് ആക്റ്റ് 203-ാം വകുപ്പ് 4ാം ഉപവകുപ്പ് പ്രകാരം ഗ്രാമ പഞ്ചായത്ത് യഥാസമയം പുതുക്കി നിശ്ചയിക്കേണ്ടതും അവ മേൽ ചട്ടം 4 പ്രകാരം പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. പഞ്ചായത്ത് വിജ്ഞാപനം ചെയ്ത പ്രസ്തുത രേഖകൾ ഭരണ സമിതി തീരുമാനം സഹിതം പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

സഞ്ചയ നികുതി വിവരങ്ങൾ പ്രകാരം പാർപ്പിടാവശ്യം മിനിമം റേറ്റ് 3 ഉം മാക്സിമം 8 മാണ്. 5 രൂപയാണ് ഈടാക്കുന്നത്. തനതുവാണിജ്യാവശ്യത്തിന് 100 ച.മീ വരെ തറവിസ്തീർണ്ണം 100 ച.മീ മുകളിൽ തറവിസ്തീർണം, 200 ച.മീ വരെ തറവിസ്തീർണ്ണം 200 ച.മീ മുകളിൽ തറവിസ്തീർണം ഉടങ്ങിയ ആവശ്യങ്ങൾക്കെല്ലാം അതാത് വിഭാഗത്തിൽ മിനിമം റേറ്റ് ആണ് ഈടാക്കുന്നത്. തനതു വരുമാനം തുലോം കുറവായ പഞ്ചായത്തിൽ ആയത് വർദ്ധിപ്പിക്കുന്നതിനുള്ള കാര്യക്ഷമമായ നിർദ്ദേശങ്ങളോ ചർച്ചകളോ ധനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റി തലത്തിൽ ഉണ്ടാവുകയോ ബജറ്റിൽ പുതിയ വരുമാന നിർദ്ദേശങ്ങൾ ഉൾപ്പെടുത്തുകയോ ചെയ്തിട്ടില്ല. പഞ്ചായത്തിന്റെ നിലവിലെ സാമൂഹ്യ സാമ്പത്തിക സ്ഥിതി വിലയിരുത്തി ആയത് വർദ്ധിപ്പിക്കുന്നതിന് ഉചിതമായ തീരുമാനം ഭരണസമിതിതലത്തിൽ എടുക്കാവുന്നതാണ്.

## 1-28 വസ്തു നികുതി-മേഖലാ നിർണയത്തിലെ അപാകങ്ങൾ

2011 ലെ കേരള പഞ്ചായത്ത് (വസ്തുനികുതിയും സേവനഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, ചട്ടം 7 പ്രകാരം ഗ്രാമപഞ്ചായത്ത് പ്രദേശത്തെ പ്രഥമം, ദ്വിതീയം, തൃതീയം എന്നിങ്ങനെ മേഖലകളായി തരം തിരിക്കേണ്ടതും, ചട്ടം 7(4) പ്രകാരം മേഖലകളെ സംബന്ധിച്ച വിവരങ്ങൾ ഗ്രാമപഞ്ചായത്തിന്റെ വാർഡ് അടിസ്ഥാനത്തിലുള്ള മാപ്പിൽ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതുമാണ്. മേൽ ചട്ടങ്ങളിലെ ചട്ടം 10(1) പ്രകാരം ഗ്രാമപഞ്ചായത്ത് പ്രദേശത്ത് ബാധകമായ അടിസ്ഥാന വസ്തു നികുതി നിരക്കുകളും, മേഖലകളുടെ തരം തിരിവും, റോഡുകളുടെ തരം തിരിവും യഥാക്രമം 4-ഉം, 7-ഉം, 8-ഉം ചട്ടങ്ങൾ പ്രകാരം ഗ്രാമ പഞ്ചായത്തു നിശ്ചയിച്ച പ്രസിദ്ധീകരിച്ച കഴിഞ്ഞതിനു ശേഷം , കെട്ടിടങ്ങളുടെ അടിസ്ഥാന വസ്തുനികുതിയും വാർഷികവസ്തുനികുതിയും കെട്ടിട ഉടമകൾക്ക് സ്വയം നിർണ്ണയിക്കാൻ സഹായകരമായ വിവരങ്ങളടങ്ങിയ ഒരു പൊതു നോട്ടീസ് കേരള പഞ്ചായത്ത് രാജ് നിയമം, 203(10)-ആം ഉപവകുപ്പ പ്രകാരം സെക്രട്ടറി പ്രസിദ്ധപ്പെടുത്തേണ്ടതാണ്. എന്നാൽ നികുതി അടവാക്കി വരുന്ന ചില കെട്ടിടങ്ങളുടെ സഞ്ചയയിൽ നിന്നുള്ള ഫോം -6 പരിശോധിച്ചതിൽ നിന്നും ഒരേ റോഡുകളെ തന്നെ വ്യത്യസ്ത മേഖലകളിൽ ഉൾപ്പെടുത്തി വ്യത്യസ്ത നിരക്കിലുള്ള വസ്തു നികുതി ഈടാക്കുന്നതായി കാണുന്നു. ഏതാനും ഉദാഹരണങ്ങൾ താഴെ പട്ടികപ്പെടുത്തുന്നു. ( 2 ാം വാർഡിലെ പരിശോധനയിൽ കണ്ടത്)

| ക്രം നം | കെട്ടിട നമ്പർ | പേര് | പ്രദേശം | റോഡ് തരം | മേഖല |
|---|---|---|---|---|---|
| 1 | 2/2 | ഹുമയൂൺ കബീർ | കാട്ടൂർ റോഡ് | 5 മീറ്ററിൽ കൂടുതൽ | ദ്വിതീയം |
| | 2/3 | സുമേഷ് കരിനാട്ട് | കാട്ടൂർ റോഡ് | 5 മീറ്ററിൽ കൂടുതൽ | തൃതീയം |
| 2 | 2/6 | രാജ്കമാർ അണക്കത്തി പ്പറമ്പിൽ | കാട്ടൂർ റോഡ് | 5 മീറ്ററിൽ കൂടുതൽ | ദ്വിതീയം |
| | 2/6 A | സുനിൽകമാർ പെരിങ്ങത്തറ | കാട്ടൂർ റോഡ് | 5 മീറ്ററിൽ കൂടുതൽ | പ്രഥമം |
| 3 | 2/59 | ഹൈദ്രോസ് കൊളങ്ങാട്ട് പറമ്പിൽ | കാട്ടൂർ റോഡ് | 5 മീറ്ററിൽ കൂടുതൽ | ദ്വിതീയം |
| | 2/59 A | അലിനവാസ്, കറുപ്പംവീട്ടിൽ | കാട്ടൂർ റോഡ് | 5 മീറ്ററിൽ കൂടുതൽ | പ്രഥമം |
| 4 | 2/334 | രഘു പുല്ലുവളപ്പിൽ | ഇരിങ്ങാലക്കട- മൂന്നുപീടിക റോഡ് | 5 മീറ്ററിൽ കൂടുതൽ | പ്രഥമം |
| | 2/334 A | നാരായണൻ എടച്ചാലി | ഇരിങ്ങാലക്കട- മൂന്നുപീടിക റോഡ് | 5 മീറ്ററിൽ കൂടുതൽ | ദ്വിതീയം |

മേൽവിഷയം സംന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നമ്പർ 11/20.10.2022) മറുപടി ലഭ്യമാക്കിയില്ല. ഗ്രാമ പഞ്ചായത്തിന്റെ പ്രവർത്തനങ്ങൾക്കാവശ്യമായ വിഭവം സമാഹരിക്കുന്നത് പ്രധാനമായും നികുതികളിലൂടെയാണ്. ഇത് പൂർണതോതിൽ സമാഹരിച്ചെങ്കിൽ മാത്രമേ സേവന പ്രവർത്തനങ്ങളും വികസനപ്രവർത്തനങ്ങളും നടപ്പാക്കാൻ സാധിക്കൂ. ഇതിനായി നികുതികളിലെ പ്രധാനപ്പെട്ട വസ്തുനികുതി കുറ്റമറ്റ രീതിയിൽ നിർണയിച്ചിട്ടുണ്ടെന്നും അവ പൂർണ്ണമായി പിരിച്ചെടുത്തിട്ടുണ്ടെന്നും ഉറപ്പു വരുത്തേണ്ടതുണ്ട്. മേൽ സൂചിപ്പിച്ച രീതിയിലുള്ള നികുതി നിർണ്ണയം നികുതി ചോർച്ചയ്ക്ക് കാരണമാകുന്നുണ്ട്. നികുതിനിർണയത്തിന് ചട്ടത്തിൽ അനുശാസിക്കുന്ന നടപടിക്രമങ്ങൾ പാലിച്ച് അടിയന്തിര പ്രാധാന്യത്തോടെ നടപടികൾ സ്വീകരിക്കേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-29 സാമൂഹ്യ സുരക്ഷാ പെൻഷൻ- മരണശേഷവും പെൻഷൻ നൽകി

സാമൂഹ്യ സുരക്ഷാ പെൻഷനുകൾ നിലവിൽ ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടിലേക്കോ സഹകരണ സ്ഥാപനങ്ങൾ വഴി നേരിട്ടോ ആണ് വിതരണം ചെയ്യപ്പെടുന്നത്. പെൻഷൻ വിതരണം ചെയ്യുന്ന സഹകരണ സ്ഥാപനങ്ങൾ ഓരോ പെൻഷൻ വിതരണത്തിന് ശേഷവും മരണപ്പെട്ട പെൻഷണർമാരുടെ വിവരങ്ങൾ പ്രാദേശിക സർക്കാർ സെക്രട്ടറിമാരെ അറിയിക്കേണ്ടതും പ്രാദേശിക സർക്കാർ സെക്രട്ടറിമാർ മരണപ്പെട്ടവരെ പെൻഷൻ ഡാറ്റാബേസിൽ നിന്നും ഒഴിവാക്കേണ്ടതുമാണ്. എന്നാൽ പെൻഷൻ നേരിട്ട് ബാങ്ക് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്യപ്പെടുന്ന ഗുണഭോക്താക്കളുടെ കാര്യത്തിൽ മരണം സംഭവിച്ചാൽ ഡിസംബർ മാസത്തിൽ വാർഷിക മസ്റ്ററിംഗ് സമയത്ത് മാത്രമേ മരണപ്പെട്ട ഗുണഭോക്താവിന്റെ പെൻഷൻ വിതരണം നിർത്തുന്നതിന് സാധിക്കുകയുള്ളൂ. ഇതൊഴിവാക്കുന്നതിനായി സ.ഉ.(എം.എസ്) നം.97/2020/ധന. തീയതി. 23.09.2020, ഉത്തരവ് പ്രകാരം മരണപ്പെടുന്നവരുടെയും പുനർവിവാഹം ചെയ്ത വിധവ പെൻഷൻ ഗുണഭോക്താക്കളുടെയും വിവരങ്ങൾ, അങ്കണവാടി / ആശാവർക്കർമാർ മുഖാന്തിരം ശേഖരിച്ച് അതാത് മാസം പെൻഷൻ ഡാറ്റാ ബേസിൽ നിന്നും നീക്കം ചെയ്യാൻ പഞ്ചായത്ത് സെക്രട്ടറിമാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. എന്നാൽ നിലവിൽ ഗ്രാമപഞ്ചായത്തിൽ ഇപ്രകാരമൊരു പ്രക്രിയ നടക്കുന്നില്ല. മരണപ്പെട്ട ഗുണഭോക്താക്കളുടെ വിവരങ്ങൾ ഡാറ്റാ ബേസിൽ നിന്നും നീക്കം ചെയ്യാത്തതിനാൽ മരണപ്പെട്ട ശേഷവും ഗുണഭോക്താവിന്റ അക്കൗണ്ടിലേക്ക് പെൻഷൻ തുക നിക്ഷേപിക്കാൻ ഇടയാകുന്നതായി ഗ്രാമപഞ്ചായത്തിൽ മരണം രജിസ്റ്റർ ചെയ്ത പെൻഷൻ ഗുണഭോക്താക്കളുടെ പെൻഷൻ ഡാറ്റാ ബേസ് പരിശോധിച്ചപ്പോൾ വ്യക്തമായി. ഏതാനും ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.(01.01.2022 മുതൽ 31.03.2022 വരെയുള്ള മരണം രജിസ്റ്റർ ചെയ്യുന്നതിന് പഞ്ചായത്തിൽ ലഭ്യമാക്കിയ അപേക്ഷകൾ പരിശോധിച്ചതിൽ നിന്നും)

| ക്രമ നം. | പേര് | മരണപ്പെട്ട തീയതി | പെൻഷൻ ഐ ഡി | പെൻഷൻ തരം | അനർഹമായി പെൻഷൻ വിതരണം ചെയ്തതിന്റെ വിവരം |
|---|---|---|---|---|---|
| 1 | ചന്ദ്രൻ ടി കെ | 17.12.2021 | 107800201150 | ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 01/2022- 09/2022 |
| 2 | രാജൻ എം വി | 23.01.2022 | 107800200784 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 02/2022- 09/2022 |

| | | | | | |
|---|---|---|---|---|---|
| 3 | നാരായണൻ നായർ | 25.01.2022 | 107800200331 | ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 02/ 2022- 09/ 2022 |
| 4 | രാമൻ തറപറമ്പിൽ | 20.01.2022 | 107800200093 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 02/2022- 09/2022 |
| 5 | ജോർജ് കെ ആർ | 19.01.2022 | 107870200865 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 02/2022- 09/2022 |
| 6 | ഗിരിജ അശോകൻ | 22.02.2022 | 107800200715 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 03/2022- 09/2022 |
| 7 | വിമല ടി സി | 10.03.2022 | 107800100534 | കർഷക തൊഴിലാളി പെൻഷൻ | 04/2022- 09/2022 |

ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടുകളിൽ അവരുടെ മരണശേഷവും നിക്ഷേപിച്ച പെൻഷൻ തുക, പിൻവലിച്ചിട്ടുണ്ടോ എന്ന വിവരം പരിശോധിക്കപ്പെട്ടിട്ടില്ല. പടിയൂർ ഗ്രാമപഞ്ചായത്തിൽ മരണം റിപ്പോർട്ട് ചെയ്യുകയും മരണസർട്ടിഫിക്കറ്റ് പുറപ്പെടുവിക്കുകയും ചെയ്തവരുടെ വിവരം മാത്രമാണ് ലഭ്യമായിട്ടുള്ളത്. മേൽ വിഷയം സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 12/21.10.2022) മറുപടി ലഭ്യമാക്കിയില്ല. അനർഹരുടെ പെൻഷൻ അക്കൗണ്ടുകൾ എത്രയും പെട്ടെന്ന് സസ്പെന്റ് ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. പടിയൂർ ഗ്രാമപഞ്ചായത്തിൽ മരണം റിപ്പോർട്ട് ചെയ്യപ്പെട്ടതും, എന്നാൽ മറ്റ് തദ്ദേശസ്ഥാപനങ്ങളിൽ നിന്നും പെൻഷൻ കൈപ്പറ്റുന്നവരുമായവരുടെ വിവരം അതാത് തദ്ദേശ ഭരണ സ്ഥാപനങ്ങളിൽ അറിയിക്കേണ്ടതുമാണ്. ധനകാര്യവകുപ്പിന്റെ 05.11.20 ലെ സർക്കുലർ നമ്പർ 67/20 പ്രകാരം മരണപ്പെട്ടവരേയും മാനദണ്ഡങ്ങൾ പ്രകാരം അർഹരല്ലാത്തവരേയും പെൻഷൻ ഗുണഭോക്തൃലിസ്റ്റിൽ നിന്നും ഒഴിവാക്കാത്തതു മുഖേന സർക്കാരിന് സാമ്പത്തിക നഷ്ടം ഉണ്ടായാൽ പ്രസ്തുത തുക ബന്ധപ്പെട്ട പ്രാദേശിക സർക്കാർ സെക്രട്ടറിയിൽ നിന്നും ഈടാക്കുന്നതാണെന്ന് നിർദ്ദേശിച്ചിട്ടുള്ളതാണ്. പഞ്ചായത്തിൽ അർഹരായ ഗുണഭോക്താക്കൾ മാത്രമാണ് ക്ഷേമ പെൻഷനുകൾ കൈപ്പറ്റുന്നത് എന്ന് ഉറപ്പ് വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും ഇതു സംബന്ധിച്ചുള്ള റിപ്പോർട്ട് ഓഡിറ്റിന് ലഭ്യമാക്കേണ്ടതുമാണ്.

## 1-30 പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി-ബാലൻസ് തുക സർക്കാരിലേക്ക് അടവാക്കേണ്ടതാണ്.

പദ്ധതി നമ്പർ – 20/2022, പ്രത്യേക കന്നുകുട്ടി പരിപാലനം

നിർവ്വഹണ ഉദ്യോഗസ്ഥൻ - വെറ്ററിനറി സർജൻ

ബിൽ നമ്പർ : 103/25.10.2021

തുക : 6,25000/-(വികസന ഫണ്ട്)

ഗുണഭോക്താവ് നേരിട്ട് ചെലവഴിക്കുന്നത് : 6,25000 രൂപ

2021-22 സാമ്പത്തിക വർഷം വെറ്ററിനറി സർജൻ നടപ്പിലാക്കി വരുന്ന മേൽ പദ്ധതി പ്രകാരം, 50 ഗുണഭോക്താക്കളുടെ സബ്സിഡി തുകയായ 6,25,000/- രൂപ (50*12500) ,എസ്.എൽ.ബി.പി ഡെപ്യൂട്ടി ഡയറക്ടർക്ക് കൈമാറുകയും എടതിരിഞ്ഞി ക്ഷീര സഹകരണ സംഘം മുഖേന 2021 ഡിസംബർ മാസം മുതൽ ഫീഡ് വിതരണം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. ഫീഡ് വിതരണ രജിസ്റ്റർ പരിശോധിച്ചതിൽ, താഴെ കൊടുത്തിരിക്കുന്ന ഗുണഭോക്താക്കൾ പദ്ധതിയിൽ നിന്ന് പിൻവാങ്ങിയിട്ടുണ്ട്. പദ്ധതിയിൽ തുടരാതിരുന്നതിന് രജിസ്റ്ററിൽ കാരണങ്ങൾ രേഖപ്പെടുത്തിയിട്ടില്ല.

| പേര് | ഫീഡ് കൈപ്പറ്റിയ മാസങ്ങളുടെ എണ്ണം | നാളിതു വരെ കൈപ്പറ്റിയ സബ്സിഡ് തുക | ബാലൻസ് തുക |
|---|---|---|---|
| അനിത കൊച്ചിപ്പറമ്പത്ത് | 3 (Dec 21-Feb 22) | 2025 (675*3) | 10475 |
| മല്ലിക പൊയ്യാറ | 7 (Dec 21-June 22) | 4725 (675*7) | 7775 |
| നിർമല സി കെ | 5 (Dec 21 -Apr 22) | 3375 (675*5) | 9125 |
| ആകെ | | 10125 | 27375 |

ഇതുസംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.8/ 20.10.2022) മറുപടി ലഭ്യമാക്കിയിട്ടില്ല. ബാലൻസ് തുകയായ 27375/- രൂപ തിരികെ ഈടാക്കി സർക്കാരിലേക്ക് അടവാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-31 ഡെപ്പോസിറ്റ് പ്രവൃത്തികൾ - അപാകതകൾ;ചെലവ് തുക 57,79,900/- തടസ്സപ്പെടുത്തുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥൻ: സെക്രട്ടറി

പഞ്ചായത്ത് തൻവർഷം താഴെ പറയുന്ന പ്രവൃത്തികൾക്കായി വാട്ടർ അതോറിറ്റിയിൽ തുക ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ. നം | പ്രൊ നം./ പേര് | ചെലവ് തുക/ വൗച്ചർ നം./ തിയതി | തുക ഡെപ്പോസിറ്റ് ചെയ്ത സ്ഥാപനം |
|---|---|---|---|
| 1. | 87/ 22 മാരാംകുളം ജലസംഭരണിയിലേക്ക് കടിവെള്ളം എത്തിക്കൽ | 15ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ്:10,79,900 ജില്ല പഞ്ചായത്ത് വിഹിതം:22,00,000 ബ്ലോക്ക് പഞ്ചായത്ത് വിഹിതം:5,00,000 | എക്സി.എഞ്ചിനീയർ കേരള വാട്ടർ അതോറിറ്റി പി.എച് ഡിവിഷൻ ഇരിങ്ങാലക്കട |
| | | ആകെ:37,79,900/- | |
| 2. | 131/ 22 വിവിധ വാർഡുകളിൽ കടിവെള്ള പൈപ്പ് ലൈൻ നീട്ടൽ | 15ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ്: 10,00,000/- 22100896/10.1.22 | |
| 3. | 164/ 22 വിവിധ വാർഡുകളിൽ കടിവെള്ള പൈപ്പ് ലൈൻ നീട്ടൽ | 15ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ്: 10,00,000/- 22101058/27.3.22 | |
| | ആകെ ചെലവ് തുക | 57,79,900/- | |

1.പദ്ധതി മാർഗ്ഗരേഖ സ.ഉ കൈ നം. 11/2018 തസ്വഭവ തിരു. തിയതി 29.1.2018 ഖ. 11 ഡി ( li) പ്രകാരം തസ്വഭ സ്ഥാപനം ബന്ധപ്പെട്ട ഏജൻസിയുമായി കരാറിൽ ഏർപ്പെട്ടതിനു ശേഷം മാത്രമേ തുക മുൻകൂർ നൽകാവൂ. ഈ നിബന്ധന പാലിച്ചിട്ടില്ല. എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ തുക കൈമാറുകയാണ് ചെയ്തിട്ടുള്ളത്.മാർഗ്ഗരേഖ നിർദ്ദേശം പാലിക്കാതിരുന്നതിന് വിശദീകരണം നൽകേണ്ടതാണ്.

2.മേൽ മാർഗ്ഗ രേഖാ നിർദ്ദേശം (ഡി ) lv പ്രകാരം ഡെപ്പോസിറ്റ് വർക്കുകൾ സമയബന്ധിതമായി പൂർത്തിയാക്കാൻ വേണ്ട തുടർ പ്രവർത്തനങ്ങൾ സെക്രട്ടറി സ്വീകരിക്കേണ്ടതാണ്. 28.12.2018 ലെ സർക്കുലർ നം. ഡി.എ്|/881/2018 തസ്വഭവ പ്രകാരം പ്രൊജക്റ്റ് നിർവ്വഹണവും തുകയുടെ ഉപയോഗവും തദ്ദേശ സ്വയംഭരണ സ്ഥാപനം മോണിറ്റർ ചെയ്യേണ്ടതാണ്. മേൽ പ്രവൃത്തികളിൽ സെക്രട്ടറി തുടർനടപടി സ്വീകരിച്ചിട്ടുണ്ടെങ്കിൽ രേഖ ലഭ്യമാക്കേണ്ടതാണ്.

3.മാരാംകുളം ജലസംഭരണിയിലേക്ക് കുടിവെള്ളം എത്തിക്കുന്ന പ്രവൃത്തിക്കായി 16.2.22 ലെ നം. D4 - 4476 16-17 A നം എക്സി.എഞ്ചിനീയറുടെ കത്തു പ്രകാരം 41 ലക്ഷത്തിന്റെ റിവൈസ്ഡ് എസ്റ്റിമേറ്റ് ലഭ്യമായിരുന്നു. സുലേഖ പത്രിക പ്രകാരം ജില്ലാ പഞ്ചായത്ത് വിഹിതം 25 ലക്ഷം രൂപ അടങ്കലിൽ 22 ലക്ഷംരൂപ കൈമാറി. ബ്ലോക്ക് പഞ്ചായത്ത് വിഹിതത്തിൽ 950000രൂപ വകയിരുത്തിയതിൽ ചെലവു വന്നതായി കാണിച്ചിട്ടില്ല. എന്നാൽ 15.3.22ലെ 6-2597 /21 നം. കത്തു മുഖേന 5 ലക്ഷം വാട്ടർ അതോറിറ്റിക്ക് നേരിട്ട് കൈമാറിയതിന്റെ പേമെന്റ് വൗച്ചർ പകർപ്പ് [വെള്ളാങ്കല്ലൂർ ബ്ലോക്ക് പഞ്ചായത്ത്] ഫയലിൽ ഉണ്ട്. [XVFC 2021-22 P 18 Dt.17.2.22].

4.വാട്ടർ അതോറിറ്റി തുക കൈപ്പറ്റിയതിന്റെ രസീത് , ധനവിനിയോഗ സാക്ഷ്യപത്രം, പ്രൊജക്റ്റിന്റെ പൂർത്തീകരണവിവരം എന്നിവ ഫയലിൽ ലഭ്യമല്ല.പ്രവൃത്തികൾ പൂർത്തീകരിച്ച് ധനവിനിയോഗ/പൂർത്തീകരണ സാക്ഷ്യപത്രങ്ങൾ ലഭ്യമാകുന്നതുവരെ ചെലവു തുക 57,79,900/- തടസ്സപ്പെടുത്തുന്നു. ഇതു സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറിക്ക് [നം.1/ 17.10.22] മറുപടി ലഭ്യമാക്കിയില്ല.

## 1-32 സെക്രട്ടറി നിർവഹണം നടത്തിയ പദ്ധതികൾ- വിനിയോഗ വിവരം/സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.

സെക്രട്ടറി നിർവഹണം നടത്തിയ താഴെ കൊടുത്തിരിക്കുന്ന പദ്ധതികളുടെ വിനിയോഗ വിവരം/സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.

| ക്രമ നം. | പദ്ധതി പേര്-നം. | ചെലവ് തുക | ബിൽ നം. തിയതി |
|---|---|---|---|
| 1. | ഐ കെ എമ്മിന് വിഹിതം-6/22 | 65000 | 2200803/7.12.21 |
| 2. | എസ് എസ് കെ വിഹിതം നൽകൽ-2/22 | 10000 | 22101057/27.3.22 |

ഓഡിറ്റ് എൻക്വയറിക്ക് [നം: 13/21.10.22] മറുപടി ലഭ്യമാക്കിയില്ല.

## 1-33 ലൈഫ് ഭവന പദ്ധതി-ഭവന നിർമ്മാണം പൂർത്തീകരിക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ലൈഫ് ഭവന പദ്ധതി [ Phase 3to2] ആണ് പഞ്ചായത്തിൽ നിലവിലുള്ളത്. ലൈഫ് ഭവന പദ്ധതിയിൽ ഉൾപ്പെടുത്തി ഭവന നിർമ്മാണത്തിന് വേണ്ടി എഗ്രിമെന്റ് വെക്കുകയും ഭാഗികമായി തുക കൈപ്പറ്റുകയും ചെയ്തിട്ടുള്ള താഴെ ചേർത്തിട്ടുള്ള ഗുണഭോക്താക്കൾ നാളിതുവരെ നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല. വിവരം ചുവടെ ചേർക്കുന്നു.

| ജനറൽ | | | | |
|---|---|---|---|---|
| ക്രമ നം | ഗുണഭോക്താവിന്റെ വിവരം | നാളിതുവരെ നൽകിയ തുക | എഗ്രിമെന്റ് വെച്ചതിയ്യതി | നിലവിലെ അവസ്ഥ |
| 1. | ശ്യാമ സജിത്ത്, നടുവളപ്പിൽ | 300000 | 16-2-21 | മേൽക്കൂര |
| 2. | സനൽ ടി.എസ്, തച്ചിലാത്ത് | 300000 | 21-1-22 | മേൽക്കൂര |
| 3. | ഉഷ ശങ്കർദാസ് , കല്ലിക്കാട്ട്. | 200000 | 22-1-22 | ബേസ് മെന്റ് |
| | എസ്.സി | | | |
| 1. | നീഷ്മ അനീഷ്,കന്നപ്പിള്ളി | 300000 | 11-1-21 | മേൽക്കൂര |
| 2. | ശുഭലക്ഷ്മി സന്തോഷ്, മങ്ങാടത്ത് | 200000 | 18-2-21 | മേൽക്കൂര |
| 3. | പ്രദീപ് പ്രതാപൻ, വില്ലാർവട്ടം | 40000 | 22-2-21 | ബേസ് മെന്റ് |
| 4. | ഷീല പ്രദീപൻ മണത്തല | 300000 | 2-9-21 | മേൽക്കൂര |
| എസ്.സി അഡീഷണൽ | | | | |
| 1. | കൃഷ്ണകുമാരി, വാക്കാട്ട് | 40000 | 5-11-20 | നിർമ്മാണം ആരംഭിച്ചിട്ടില്ല. |
| 2. | വിജേഷ് , എഴുപ്പുള്ളി | 200000 | 3-11-20 | ബേസ് മെന്റ് |
| 3. | സനൽ , വാക്കാട്ട് | 300000 | 28-1-21 | മേൽക്കൂര |
| 4. | ബേബി വിശ്വനാഥൻ, നെല്ലുകത്ത്. | 300000 | 4-11-20 | മേൽക്കൂര |
| 5. | ലാലു ബാലൻ, വാക്കാട്ട് | 300000 | 3-11-20 | മേൽക്കൂര |

മേൽ ഗുണഭോക്താക്കൾ ഭവന നിർമ്മാണം പൂർത്തീകരിക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്. പരാമർശം ഭരണ സമിതിയുടെ പ്രത്യേക ശ്രദ്ധയിൽപ്പെടുത്തുന്നു. ഓഡിറ്റ് എൻക്വയറി [നം: 13/ 21.10.22]

## 1-34 ഐ.സി.ഡി.എസ് സൂപ്പർ വൈസർ നിർവ്വഹണം നടത്തിയ പ്രൊജക്ടുകൾ,അംഗനവാടികളുടെ പൊതു നിലവാരം-രേഖകൾ സഹിതം വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

പ്രൊജക്ട് നം.37/ 22
ഭിന്നശേഷിക്കാർക്ക് ഉപകരണം വാങ്ങൽ 2021 - 22
അടങ്കൽ തുക : 333790
ചെലവ് : 290378
വൗച്ചർ നം.22101043/ 22.3.22

1.ഭിന്ന ശേഷിക്കാർക്ക് ഉപകരണങ്ങൾ നൽകുന്നതിന് ആവശ്യകത നിർണ്ണയിക്കാൻ മെഡിക്കൽ ക്യാമ്പ് നടത്തിയതായി നിർവ്വഹണ ഉദ്യോഗസ്ഥ അറിയിച്ചെങ്കിലും ക്യാമ്പിൽ പരിശോധിക്കുന്ന മെഡിക്കൽ ഓഫീസറുടെ ശുപാർശ ഫയലിൽ ലഭ്യമായിട്ടില്ല. മേൽ പ്രൊജക്ട് പ്രകാരം 14 പേർക്ക് ഉപകരണങ്ങൾ വിതരണം നടത്തിയതിൽ ക്രമ നം. 8 ഗംഗാധരന്റെ അപേക്ഷയോടൊപ്പം മാത്രമാണ് ശുപാർശ ഉണ്ടായിരുന്നത്. വിശദീകരണം ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറി നം. 4/ 18.10.22 ന് ലഭ്യമാക്കിയ മറുപടിയിൽ ക്യാമ്പിൽ പങ്കെടുത്തവർക്ക് ഡോക്ടർ ശുപാർശ ചെയ്ത ഉപകരണങ്ങളുടെ അപേക്ഷ വികലാംഗ ക്ഷേമ കോർപ്പറേഷൻ തിരികെ തരാതിരുന്നതാണ് കാരണമെന്ന് അറിയിച്ചു. പ്രസ്തുത അപേക്ഷകൾ മറുപടിയോടൊപ്പം ലഭ്യമാക്കി. ഭാവിയിൽ ഇത്തരം അപാകത ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

2.ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് ഏറ്റവും കുറഞ്ഞത് 40% വൈകല്യം ഉണ്ടായിരിക്കുകയും ആയത് വ്യക്തമാക്കുന്ന സർട്ടിഫിക്കറ്റ് ഹാജരാക്കുകയും ചേയ്യേണ്ടതുണ്ട്. കാർഡ് ലഭിക്കാത്ത അർഹരായവരുണ്ടെങ്കിൽ അവരെയും ക്യാമ്പിലേക്ക് ക്ഷണിക്കാം എന്നും പദ്ധതി മാർഗ്ഗരേഖയിൽ നിർദ്ദേശമുണ്ട്. സരോജിനി എന്ന ഗുണഭോക്താവ് PHC പടിയൂരിൽ നിന്നുള്ള സർട്ടിഫിക്കറ്റാണ് അപേക്ഷയോടൊപ്പം നൽകിക്കാണുന്നത്. സ്പിൽ ഓവർ പ്രൊജക്ടിലും[119/21] അബ്ദുൾ ഖാദർ, കൊച്ചുത്രേസ്യ എന്നിവർ ഹോസ്പിറ്റൽ ഡിസ്ചാർജ് സമ്മറിയാണ് അർഹതാ രേഖയായി ലഭ്യമാക്കിയത്. സുമ സുധൻ എന്ന ഗുണഭോക്താവിന്റെ അപേക്ഷയോടൊടൊപ്പം ഭിന്നശേഷി സർട്ടിഫിക്കറ്റോ ഡോക്ടറുടെ രേഖയോ ലഭ്യമായിട്ടില്ല. പ്രായാധിക്യമുള്ള കിടപ്പു രോഗികൾക്കായി പാലിയേറ്റീവ് കെയർ പ്രൊജക്ടിന്റെ ഭാഗമായി മെഡിക്കൽ സപ്പോർട്ട് സംവിധാനം ലഭ്യമാണെന്നിരിക്കെ ഭിന്നശേഷിക്കാർക്കായുള്ള പ്രൊജക്ടിൽ അത്തരം ഗുണഭോക്താക്കളെ ഉൾപ്പെടുത്തുന്ന പ്രവണത നിരുത്സാഹപ്പെടുത്തേണ്ടതാണ്. ഭാവിയിൽ അപാകത ആവർത്തിക്കില്ലെന്ന് ഓഡിറ്റ് എൻക്വയറിക്ക് മറുപടി നൽകി.

3. ഭിന്നശേഷിക്കാരായവരുടെ ഡാറ്റാബേസ് സൂക്ഷിക്കുന്നതിനും നവീകരിക്കുന്നതിനും വേണ്ട നടപടികൾ സാമൂഹ്യ നീതി വകുപ്പുമായി ചേർന്ന് ഗ്രാമപഞ്ചായത്തുകൾക്ക് സ്വീകരിക്കാവുന്നതാണ്. പ്രസ്തുത സബ്സിഡി മാർഗ്ഗരേഖാ നിർദ്ദേശം നടപ്പാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്ന് മറുപടി നൽകിയത് പ്രാവർത്തികമാക്കേണ്ടതാണ്.

4.ഗ്രാമ പഞ്ചായത്ത് പരിധിയിൽ അങ്കണവാടികളുടെ ഭൗതിക സാഹചര്യം താരതമ്യേന മെച്ചപ്പെട്ടതാണ്. 14 വാർഡുകളിലായി 20 അംഗനവാടികൾ ഉള്ളതിൽ ഒരെണ്ണത്തിന് മാത്രമാണ് സ്വന്തം കെട്ടിടം ഇല്ലാത്തത്. 2 അങ്കണവാടിയിൽ മാത്രമാണ് ബേബി ഫ്രണ്ട്ലി ടോയ് ലറ്റ് ഉള്ളത്. മേൽ പറഞ്ഞ അസൗകര്യങ്ങൾ കൂടി പരിഹരിക്കാനുള്ള തുടർ നടപടി പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

5.സാമൂഹ്യക്ഷേമ വകുപ്പ് ഡയറക്ടറുടെ ഐ.സി.ഡി.എസ് ബി3-312/10 തീയതി 18-12-10 കത്ത് പ്രകാരം രണ്ട് മാസത്തിലൊരിക്കൽ ന്യൂട്രിമിക്സ് സാമ്പിളുകൾ ഫുഡ് ടെസ്റ്റ് ലാബിൽ പരിശോധനയ്ക്ക് വിധേയമാക്കാനും ഓരോ കുടുംബശ്രീ യൂണിറ്റിൽ നിന്നും ഓരോ ബാച്ച് പ്രൊഡക്ടുകളുടെ സാമ്പിളുകൾ പരിശോധന നടത്താനും നിർദ്ദേശിച്ചിരുന്നു.അംഗനവാടികളിലേയ്ക്ക് വിതരണം ചെയ്യുന്ന ഭക്ഷണസാധനത്തിന്റെ ഗുണനിലവാര പരിശോധന

നടത്തിയതിന്റെ രേഖകൾ പരിശോധനക്ക് ലഭ്യമായിട്ടില്ല. അമൃതം ഫുഡ് 2022 മാർച്ച് മാസത്തിൽ നൽകിയതിന്റെ പരിശോധനാ റിപ്പോർട്ട് എൻ ക്വയറി മറുപടി ക്കൊപ്പം ലഭ്യമാക്കി.
ഇതു സംബന്ധിച്ച സർക്കാർ നിർദ്ദേശം പാലിക്കുന്നവെന്ന് ഉറപ്പു വരുത്തേണ്ടതാണ്.

## 1-35 ജി.എസ്.ടിയിനത്തിൽ കരാറുകാരന് തുക അധികം നൽകി.42250/-രൂപ തടസ്സപ്പെടുത്തുന്നു.

കേന്ദ്ര വിജ്ഞാപനം 12/17 (Central Tax) Rate തീയ്യതി 27/6/17പ്രകാരവും സംസ്ഥാന സർക്കാർ വിജ്ഞാപനം SRO 371/17 (സർക്കാർ ഉത്തരവ് (പി)73/17 Taxes തീയ്യതി 30/6/17) പ്രകാരവും ഭരണഘടന വകുപ്പ് 243G പ്രകാരമുള്ള പട്ടികയിൽ പഞ്ചായത്തുകളുടെ ചുമതലകളായി ചേർത്തിട്ടുള്ള വിഷയങ്ങളുമായി ബന്ധപ്പെട്ട് പഞ്ചായത്തുകൾക്ക് ലഭിക്കുന്ന സേവനങ്ങൾക്ക് യഥാക്രമം കേന്ദ്ര ജി.എസ്.ടി,സംസ്ഥാന ജി.എസ്.ടി എന്നിവ നല്കേണ്ടതില്ല. (*"(Pure Services (Excluding Works Contract Service Or Other Composite Supplies Involving Supply Of Any Goods ) Provided To The Central Government,State Government Or Union Territory Or Local Authority Or A Government Authority By Way Of Any Activity In Relation To Any Function Entrusted To A Panchayat Under Article 243G Of The Constitution Or In Relation To Any Function Entrusted To A Municipality Under Article 243W Of The Constitution")* .ഭരണഘടന വകുപ്പ് 243G പ്രകാരമുള്ള പട്ടികയിലെ ക്രമനമ്പർ (III) പ്രകാരം Minor Irrigation,water Management And Watershed Development എന്നിവ പഞ്ചായത്തുകളുടെ ചുമതലയിൽപ്പെടുന്നു.അസിസ്റ്റന്റ് എൻജിനീയർ നിർവഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ താഴെ ചേർത്തിരിക്കുന്ന പ്രോജക്ടിൽ പഞ്ചായത്ത് ജി.എസ്.ടി നല്കുന്നു. ഫയൽ,എംബുക്ക് എന്നിവ പരിശോധിച്ചതിൽ തോടുകളിൽ നിന്നും കളവാഴ,മറ്റ് കളകൾ, ചെളി,മറ്റ് വസ്തുക്കൾ എന്നിവ നീക്കം ചെയ്ത് ദൂരെ നിക്ഷേപിച്ച് തോട്ടിലെ നീരൊഴുക്ക് സുഗമമാക്കുന്ന പ്രവർത്തിയ്ക്ക് ജി.എസ്.ടി നൽകിക്കാണുന്നു.മുകളിൽ സൂചിപ്പിച്ച ഉത്തരവുകൾ പ്രകാരം പഞ്ചായത്തിന്റെ ചുമതലയിൽപ്പെട്ട സേവന ലഭ്യതക്കാണ് കരാറുകാരന് കേന്ദ്ര ജി.എസ്.ടി,സംസ്ഥാന ജി.എസ്.ടി തുക ചേർത്ത് ബില്ല് നല്കിയിരിക്കുന്നത്.വിശദ വിവരങ്ങൾ താഴെ ചേർത്തിരിക്കുന്നു.

| ക്രമ.നം. | പ്രോജക്ട്.നം/പേര്/കരാറുകാരൻ | എം.ബി നം. | ആകെ പ്രവർത്തി മൂല്യം | GST 5% | GST ഉൾപ്പെടെ ആകെ തുക | വൗച്ചർ നം. | തുക |
|---|---|---|---|---|---|---|---|
| 1 | വെള്ളപ്പൊക്ക നിയന്ത്രണം-വിവിധ വാർഡുകളിലെ തോടുകളുടെ ശുചീകരണം, 88/22,സിജിൽകുമാർ.ഇ.ജി | 147/21-22 | 844994 | 42250 | 887244 | 22100988/ 31.03.2022 | 887244 |

മേൽ പ്രകാരം 42250/- രൂപ ജി എസ് ടി ഇനത്തിൽ കൂടുതലായി കരാറുകാരന് നല്കിയ തുക തടസ്സപ്പെടുത്തുന്നു.(ഓഡിറ്റ് എൻക്വയറി-5/19.10.2022)

## 1-36 മരാമത്ത് പ്രവൃത്തികൾ വൈകി പൂർത്തീകരിച്ചതിന് പിഴ ഈടാക്കിയിട്ടില്ല.

നിർവ്വഹണഉദ്യോഗസ്ഥൻ-അസി.എഞ്ചിനീയർ

കരാർ പ്രകാരം പൂർത്തീകരണ കാലാവധിക്കുള്ളിൽ പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ലെങ്കിൽ പിഴ ഈടാക്കി മാത്രമേ പ്രവൃത്തി പൂർത്തിയാക്കാവൂ എന്ന് നിഷ്കർഷിക്കുകയും കരാറുകാർ ആയത് അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. GO(P) 13/2012/PWD/01-01-2012 പ്രകാരമുള്ള കേരളപൊതുമരാമത്ത് മാന്വലിലെ സെക്ഷൻ 2005,2112 എന്നിവ പ്രകാരം കരാറുകാരൻ, കരാർ കാലാവധി ദീർഘിപ്പിക്കുന്നതിനായി അസിസ്റ്റന്റ് എഞ്ചിനീയർ മുഖേന, കാലാവധി തീരുന്നതിന് മുമ്പായി അപേക്ഷിക്കേണ്ടതും, അസിസ്റ്റന്റ് എഞ്ചിനീയർ പ്രസ്തുത അപേക്ഷയിൽ ഭരണസമിതിയുടെ അനുമതി വാങ്ങി ഇക്കാര്യത്തിൽ തീരുമാനമെടുത്ത് ഒറ്റത്തവണ, 1% പിഴ ഈടാക്കിക്കൊണ്ട് ഒറിജിനൽ സമയത്തിന്റെ 25%, 1% പിഴ അല്ലെങ്കിൽ 6 മാസം (ഏതാണ് കുറവ് അത്) നിരക്കിലും പരമാവധി 50% വരെയും ദീർഘിപ്പിച്ച് നൽകാവുന്നതാണ്. എന്നാൽ താഴെ പറയുന്ന പ്രവൃത്തിയുടെ കരാറുകാരൻ അപ്രകാരം കാലാവധി ദീർഘിപ്പിക്കുന്നതിനായി അപേക്ഷിക്കുകയോ കാലാവധി ദീർഘിപ്പിച്ച് നൽകുകയോ ചെയ്തിട്ടില്ല. ആയതിനാൽ താഴെ പറയും പ്രകാരം പിഴ ഈടാക്കാത്തത് വിശദമാക്കേണ്ടതാണ്. മാത്രമല്ല, മേൽ ചട്ട പ്രകാരം കരാർ കാലാവധിക്ക് ശേഷം കരാർ കാലാവധി ദീർഘിപ്പിക്കുന്നതിനായി അപേക്ഷിക്കപോലും ചെയ്യാതെ കരാറുകാരൻ പ്രവൃത്തി സ്ഥലത്ത് ചെയ്യുന്ന പ്രവൃത്തികൾ അനധികൃതവുമാണ്.

താഴെ പറയുന്ന പ്രവൃത്തി കരാർ പ്രകാരമുള്ള പൂർത്തീകരണ കാലാവധിക്കുള്ളിൽ പൂർത്തീകരിച്ചിട്ടില്ല.വിശദാംശം താഴെ കൊടുക്കുന്നു.

1)ഷൺമുഖം കനാൽ സൗത്ത് ഈസ്റ്റ് റോഡ് റീടാറിംഗ്-(പദ്ധതി നം.107/22)

അടങ്കൽ: 512370/- രൂപ

കരാറുകാരൻ: Lensocon Engineers&contractors

കരാർ: 70/AE/LSGD/PDR/20-21, Dt.26-02-2021

കരാർ തുക: 512370 /- രൂപ

അളവ് പുസ്തകം: 140/21-22

കരാർ കാലവധി: 6 മാസം(TS Order)

പൂർത്തീകരിക്കേണ്ടതീയതി: 26.08.21

പൂർത്തീകരിച്ച തീയതി : AEഅളവ് എടുത്ത തിയ്യതി 09.03.2022 (എംബുക്ക് നം.140 /21-22 പേജ് 23)

ചെലവ്: 512068/- രൂപ (വൗച്ചർനം.22101027/18..03.2022-334570,ബാക്കി തുക 176869/-രൂപ 2022-23 വർഷം നൽകിയിട്ടുണ്ട്.)

മേൽ പ്രവൃത്തി കരാർ പ്രകാരം 26.08.21ന് പൂർത്തീകരിക്കേണ്ടതായിരുന്നു. എന്നാൽ 09.03.2022 ന് മാത്രമാണ് പ്രവൃത്തി പൂർത്തീകരിച്ചിട്ടുള്ളത്. നിയമാനുസൃതം ഈടാക്കേണ്ടിയിരുന്ന പിഴ ഈടാക്കാതെയാണ് ഫൈനൽ ബിൽ നൽകിയിട്ടുള്ളത്.

2) കാക്കാത്തുരുത്തി കറ്റിലക്കടവ് റോഡ് കാന(98/22)

അടങ്കൽ: 437000/- രൂപ

കരാറുകാരൻ: ബെന്നി.സി.എ

കരാർ: 25/AE/LSGD/PDR/20-21 Dt.02-06-2020

കരാർ തുക : 437000/- രൂപ

അളവ് പുസ്തകം : 264/21

കരാർ കാലവധി: 3 മാസം (TS Order)

പൂർത്തീകരിക്കേണ്ട തീയതി: 02.09.20

പൂർത്തീകരിച്ച തീയതി: AEഅളവ് എടുത്ത തിയ്യതി.31.12.2021 (എംബുക്ക് നം.264 /21 പേജ് 2)

ചെലവ്: 403650/-രൂപ ( വൗച്ചർ നം. 22100902/14.01.22 -403650/-)

മേൽ പ്രവൃത്തി കരാർ പ്രകാരം 02.09.20 -ന് പൂർത്തീകിക്കേണ്ടതായിരുന്നു. എന്നാൽ 31.12.2021 ന് മാത്രമാണ് പ്രവൃത്തി പൂർത്തീകരിച്ചിട്ടുള്ളത്. നിയമാനുസൃതം ഈടാക്കേണ്ടിയിരുന്ന പിഴ ഈടാക്കാതെയാണ് ഫൈനൽ ബിൽ നൽകിയിട്ടുള്ളത്.
- 5997/-

3) അന്നപൂർണ്ണേശ്വരി റോഡ് റീടാറിംഗ്(97/22)

അടങ്കൽ: 414900/- രൂപ

കരാറുകാരൻ: ബെന്നി.സി.എ

കരാർ: 30/AE/LSGD/PDR/20-21, Dt.16-06-2020

കരാർ തുക: 414900/- രൂപ

അളവ് പുസ്തകം: 130/19-20

കരാർ കാലവധി: 3 മാസം (TS Order)

പൂർത്തീകരിക്കേണ്ട തീയതി : 16.09.20

പൂർത്തീകരിച്ച തീയതി : AEഅളവ് എടുത്ത തിയ്യതി 29.06.21 (എംബുക്ക് നം. 130/19-20 പേജ് 27)

ചെലവ്: 412534/-രൂപ ( 22100432/23.09.21-412534/-) മേൽ പ്രവൃത്തിയുടെ എഗ്രിമെന്റ് വെച്ചിട്ടുള്ളത് 16-06-2020 ലും, പണിപൂർത്തീകരിച്ചിട്ടുള്ളത് 29.06.21 ലുമാണ്. കരാറുകാരനിൽ നിന്നും നിയമാനുസൃത പിഴ ഈടാക്കിയിട്ടില്ല.
മേൽ പ്രവൃത്തികൾ എഗ്രിമെന്റ് വെച്ച സമയപരിധിക്കുള്ളിൽ പൂർത്തീകരിച്ചിട്ടില്ലാത്തതിനാൽ നിയമപരമായ പിഴ കരാറുകാരിൽ നിന്നും ഈടാക്കി വിവരം അറിയിക്കേണ്ടതാണ്. (ഓഡിറ്റ് അന്വേഷണം 06/19.10.2022).ഇക്കാര്യത്തിൽ ഭരണവകുപ്പിന്റെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 1-37 തൊഴിലുറപ്പ് പദ്ധതി-ക്വാറി മക്ക് ഉപയോഗിച്ചുള്ള ഫില്ലിംഗിന് അധിക നിരക്ക് നൽകി.

ഗ്രാമപഞ്ചായത്തിൽ സാമ്പത്തിക വർഷത്തിൽ നടപ്പാക്കിയ റോഡ് കോൺക്രീറ്റിംഗ് പ്രവൃത്തികളിൽ ഫില്ലിംഗ് വിത്ത് ക്വാറി മക്ക് വിത്ത് ലോക്കൽ മെറ്റീരിയൽ എന്നിനം പ്രവൃത്തിക്ക് ച.മീറ്ററിന് 1263.34 രൂപ നിരക്കാണ് നൽകി കാണുന്നത്. എന്നാൽ പി.ഡബ്ല്യു.ഡി മാന്വൽ 2013 ഖണ്ഡിക 51.2.3 പ്രകാരം മേൽ പ്രവൃത്തിക്ക് DSR നിരക്ക് പ്രകാരം അനുവദിക്കാവുന്ന നിരക്ക് ചമീറ്ററിന് 891.95 രൂപയാണ്. ഗ്രാമപഞ്ചായത്തിൽ നടപ്പാക്കുന്ന പൊതുമരാമത്ത് പ്രവൃത്തികളിൽ ഇതേയിനം പ്രവൃത്തിക്ക് 891.95 രൂപ നൽകുമ്പോൾ തൊഴിലുറപ്പ് പദ്ധതി പ്രകാരം ഉയർന്ന നിരക്ക് അനുവദിക്കുന്നത് ക്രമപ്രകാരമല്ല. 2021-22 ൽ നടപ്പാക്കിയ മുഴവൻ പ്രവൃത്തികളിലും ഇപ്രകാരം അധികമായി തുക ചെലവഴിച്ചതായി കാണുന്നു. വിശദ വിവരം താഴെ ചേർക്കുന്നു.

| ക്രമ നം | പ്രവൃത്തിയുടെ പേര് | അളവ് പുസ്തക നം. | ചെയ്ത അളവ് (ച.മീറ്റർ) | നൽകിയ തുക | നൽകാവുന്ന തുക | അധികം നൽകിയത് |
|---|---|---|---|---|---|---|
| 1 | മേരി ജോർജ്ജ് റോഡ് കോൺക്രീറ്റിങ്ങ്, വാർഡ് -9 | 21/21-22 | 28m3 | 35874@ 1263.348 | 24975 | 10899 |
| 3 | പടിശ്ശേരി റോഡ് കോൺക്രീറ്റിങ്ങ് , വാർഡ് -10 | 22/21-22 | 39m3 | 49270.57 | 34786 | 14488 |

ഇപ്രകാരം കൂടിയ നിരക്കിൽ പ്രവൃത്തി നടപ്പാക്കുന്നതിന് കാരണം തിരക്കി ഓഡിറ്റ് എൻക്വയറി 10/20.10.2022 നൽകിയതിന് മറുപടിയായി, തൊഴിലുറപ്പ് പദ്ധതിക്ക് എസ്റ്റിമേറ്റുകൾ ഉണ്ടാക്കാനായി നിർമ്മിച്ച നൽകിയിട്ടുള്ള Secure എന്ന സോഫ്റ്റ്‌വെയർ പ്രകാരമാണ് എസ്റ്റിമേറ്റുകൾ ഉണ്ടാക്കുന്നതെന്നും അതിൽ ഇപ്രകാരം കൂടിയ നിരക്കാണെന്നും പറയുന്നു. സോഫ്റ്റ്‌വെയറിലെ നിരക്കുകൾ രേഖപ്പെടുത്തുന്നതിലുള്ള അപാകത മൂലമാണ് ഇത്തരത്തിൽ സംഭവിക്കുന്നത് എന്നതിനാൽ ഒരേ പ്രവൃത്തി വ്യത്യസ്ത നിരക്കിൽ ചെയ്യുന്നതിലൂടെ സാമ്പത്തിക ബാധ്യത വർദ്ധിക്കുന്നതായി കാണുന്നു. ആയതിനാൽ ഇക്കാര്യം ഭരണസമിതിയുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നു.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | മുന്നിരിപ്പ് | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്റ്റിന്റെ പേര്,നമ്പർ | ചെലവ് | ബാലൻസ് |
|---|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | | 2021-22 | 389600 | സമഗ്ര നെൽകൃഷി വികസന പദ്ധതി [42] | 389600 | 0 |
| | | | 402900 | ലൈഫ് മിഷൻ ജനറൽ[39] | 402900 | 0 |
| | | | 797370 | ലൈഫ് മിഷൻ എസ്.സി.പി[16] | 797370 | 0 |
| | | | 110223 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് പഠന സഹായം[31] | 110223 | 0 |
| | | | 149135 | കോവിഡ് 19 രണ്ടാം ഘട്ട പ്രതിരോധ പ്രവർത്തനങ്ങൾ[77] | 149135 | 0 |
| | | | 400000 | പൊന്മാനിക്കടം റോഡ് കോൺക്രീറ്റ് [110] | 400000 | 0 |
| | | | 250000 | ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി[24] | 250000 | 0 |
| | | | 45000 | കമ്മട്ടിത്തോട് മോട്ടോർ പമ്പ്സെറ്റ് സ്ഥാപിക്കൽ[149] | 45000 | 0 |
| | | | | | | |
| | | | | ROP Refund | 454735 | നീക്കിയിരിപ്പ് 246000/- |
| ജില്ലാ പഞ്ചായത്ത് | | 2021-22 | 200000 | സമഗ്ര നെൽകൃഷി വികസന പദ്ധതി | 200000 | 0 |
| | | | 35105 | ഫലവർഗ്ഗത്തൈ വിതരണം | 35105 | 0 |
| | | | 1451500 | ലൈഫ് മിഷൻ ജനറൽ[39] | 1451500 | 0 |
| | | | 670000 | ലൈഫ് മിഷൻ എസ്.സി.പി[16] | 670000 | 0 |
| | | | 340367 | അനുപൂരക പോഷകാഹാര പരിപാടി[22] | 340367 | 0 |

| | | | | | | |
|---|---|---|---|---|---|---|
| | | | 300000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് പഠന സഹായം [31] | 300000 | 0 |
| | | | 2200000 | മാരാംകുളം ജല സംഭരണിയിലേക്ക് കടിവെള്ളം എത്തിക്കൽ[87] | 2200000 | 0 |
| | | | 132055 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി[24] | 132055 | 0 |
| | | | 19950 | കോവി ഡ് 19 രണ്ടാം ഘട്ട പ്രതിരോധ പ്രവർത്തനങ്ങൾ[77] | 19950 | 0 |
| | ആകെ | | | | | നീക്കിയിരിപ്പ് – |

4-2 ഡെപ്പോസിറ്റ് വർക്കിന നൽകിയ ഉകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | മുന്നിരിപ്പ് | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ /ചെക്ക് നം. | മുൻകൂർ നൽകിയ ഉക | ചെലവഴിച്ച ഉക | ചെലവഴിക്കാൻ ബാക്കിയുള്ള ഉക/റിമാർക്സ് |
|---|---|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | | 131/21-22 വിവിധ വാർഡുകളിൽ കടിവെള്ള പൈപ്പ് ലൈൻ നീട്ടൽ | 42100196/ 31.8.22 | 1000000 | യു.സി ലഭിച്ചിട്ടില്ല. | 0 യു.സി ലഭിച്ചിട്ടില്ല. |
| | | 164/21-22 വിവിധ വാർഡുകളിൽ കടിവെള്ള പൈപ്പ് ലൈൻ നീട്ടൽ | 42100192/ 31.03.2022 | 1000000 | യു.സി ലഭിച്ചിട്ടില്ല. | 1571404 |
| | | 87/ 22 മാരാംകുളം ജല സംഭരണിയിലേക്ക് കടിവെള്ളം എത്തിക്കൽ | 42100193/ 31.03.2022 | 1079900 | യു.സി ലഭിച്ചിട്ടില്ല. | |
| | | 87/ 22 മാരാംകുളം ജല സംഭരണിയിലേക്ക് കടിവെള്ളം എത്തിക്കൽ | 42100195/ 31.03.2022 | 2200000 | യു.സി ലഭിച്ചിട്ടില്ല. | |

4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല.

4-4 വായ്പ / വായ്പാതിരിച്ചടവ്

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തീയ്യതി | തൻവർഷം ലഭിച്ച വായ്പ ഉക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന ഉക | തൻവർഷം തിരിച്ചടച്ച ഉക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള ഉക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് | Go(rt) 4461/2020/Fin Dtd 3.8.20 Go(Rt) 23/2020/Fin Dtd 01.01.21 | | 7287014/- | 1496278 | | 5790736/- |

## 4-5 സ്ഥിര നിക്ഷേപം

ഇല്ല.

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല.

## 4-7 സമാഹ്യത ഓഡിറ്റ് റിപ്പോർട്ട്

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹ്യത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2015-16 | 2.1 | 2016-17 | 2.1 | തൊഴിൽ നികുതി സംബന്ധിച്ച് | നിയമനം അംഗീകരിച്ച് ശമ്പളം ലഭിക്കുന്ന മുറക്ക് തൊഴിൽ നികുതി അടവാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട് |

## 4-8 ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം

ലഭ്യമല്ല.

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 62,922,736.00 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 59,184,459.00 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത ഇക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ ഇക | 58,22,150/- |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല.

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ ഇക

| ഖണ്ഡിക നമ്പർ | ഇക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-31 | 57,79,900/- | ശ്രീ.ഷാജൻ വി.എ, സെക്രട്ടറി |
| 1-35 | 42,250/- | ശ്രീമതി. രശ്മിണി ടി.വി, അസിസ്റ്റന്റ് എഞ്ചിനീയർ |
| ആകെ | 58,22,150/- | |

സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടം/തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.ഷാജൻ വി.എ | സെക്രട്ടറി,<br>പടിയൂർ ഗ്രാമപഞ്ചായത്ത്. | വടക്കഞ്ചേരി വീട് ,<br>മൂക്കന്നൂർ പി.ഒ<br>അങ്കമാലി ( വഴി)<br>എറണാകുളം<br>683577 |
| ശ്രീമതി. രശ്മിണി ടി.വി | അസിസ്റ്റന്റ് എഞ്ചിനീയർ,<br>പടിയൂർ ഗ്രാമപഞ്ചായത്ത് | വാത്യാട്ട് വീട്, കോണത്തുകുന്ന് പി.ഒ,<br>തൃശ്ശൂർ |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

ഓഡിറ്റ് അദാലത്തിന് ശേഷം ഇനി തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകളും ഖണ്ഡികകളും

| ക്രമ നം. | ഓഡിറ്റ് റിപ്പോർട്ട് വർഷം | ഓഡിറ്റ് റിപ്പോർട്ട് നമ്പർ | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ ആകെ എണ്ണം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകൾ | റിമാർക്സ് (CAR/ CASE/ CH/SCH) |
|---|---|---|---|---|---|
| 1 | 1997-98 | LFT.9-475/99 Dt.29.5.99/ 16.7.99 | 1 | 49 | SCH |
| 2 | 2000-01 (വരവ്-ചെലവ്) | LFT.9-1779/03 Dt.26.2.04/ 11.7.04 | 3 | 1,15 | SCH |
| | | | | 2-7 | |
| 3 | 2000-01 & 01-2002 ജനകീയാസൂത്രണം | LFT.9-1082/03 Dt.13.10.03/ 31.01.04 | 5 | 7,9(1),11,14 | SCH |
| | | | | 5 | |
| 4 | 2001-02 (വരവ് ചെലവ്) | LFT.9-1780/03 Dt.26.2.04/ 22.05.04 | 1 | 2-8 | |
| 5 | 2002-03 | LFT.9-1810/05 Dt.6.2.06/ 13.7.06 | 1 | 3-6 | CAR |
| 6 | 2003-04 | LFT.9-1863/05 Dt.6.2.06/ 13.7.06 | 1 | 3-3 | SCH |
| 7 | 2005-06 | LFT.9-1980/09 Dt.22.09.10/ 5.7.11 | 1 | 3-3(ii) | |
| 8 | 2006-07 | LFT.9-1983/09 Dt.22.09.10 | 1 | 3-3 | |
| 9 | 2007-08 To 2010-11 | LFT.P1-1660/12 Dt.8.2.2013/ 1.6.13 | 11 | 3-3 | |
| | | | | 3-12 | |
| | | | | 3-13 | |

| | | | | | |
|---|---|---|---|---|---|
| | | | | 3-16(a,b),<br>3-17,3-20 | |
| | | | | 3-26 | |
| | | | | 3-27 | |
| | | | | 3-34 | |
| | | | | 3-37 | |
| | | | | 3-38 | |
| 10 | 2011-12 | LFT(P1)-1431/13<br>Dt.9.1.2014 | 2 | 2-2 | CAR |
| | | | | 3-1(2) | |
| 11 | 2012-13 | LFT.(P1)-1269/14<br>Dt.12.12.2014/<br>12.03.2015 | 5 | 3-7 | |
| | | | | 3-12 &3-13 | |
| | | | | 3-15 | |
| | | | | 3-18 | |
| 12 | 2013-14 | KSATSR(P1)2-<br>233/16<br>Dt.17.2.16/<br>8.3.16 | 1 | 3-7 | |
| 13 | 2014-15 | KSATSR(P1)-<br>982/16<br>Dt.20.6.16 | 2 | 3-13 | |
| | | | | 3-14(2) | |
| 14 | 2015-16 | KSATSR(P1)-<br>2128/16<br>Dt.25.01.2017 | 5 | 2-1 | CAR |
| | | | | 2-2(1,2,3)<br>2-3 | |
| | | | | 3-10 | വിജിലൻസ്<br>കേസ് |
| | | | | 3-12 | |
| 15 | 2016-17 | KSATSR(P1)-<br>1725/17<br>Dt.30.11.17/<br>20.12.17 | 3 | 2-1(1,2) | Case |
| | | | | 3-2(1,5,6) | |
| | | | | 3-13 | |
| 16 | 2017-18 | KSATSR(P1)-256/19<br>Dt.12.2.19 | 12 | 2-1 | |
| | | | | 2-2<br>(2,3,5,6,7,8,9) | |
| | | | | 2-3,3-1,3-2,<br>3-3,3-5,<br>3-6,3-7,<br>3-13,3-14 | |
| | | | | 3-10(3) | |
| 17. | 2018-19 | KSATSR(P10)709/202<br>Dt.06.08.20 | 26 | 1-11,1-12,1-13,1-14,1-15,1-16,<br>1-17,1-18,1-19,1-20,1-21,1-22,<br>1-23,1-24,1-25,1-26,1-27,1-28,<br>1-29,1-30,1-31,1-32,1-33,1-34<br>1-35,3-1 | |
| 18. | 2019-20 | KSATSR(P10)-1118/21<br>Dt.05.11.21 | 28 | 1-11-1,1-11-2,1-11--3,1-11-4,1-11-5,1-11-6,1-11-7,1-12,1-12-1,1-12-2<br>1-13,1-13-1,1-14,1-15,1-15-1,1-16,1-17,1-18,1-19,1-20,1-21,1-22,1-23,1-24,1-25,1-26,1-27,3-1 | |
| 19. | 2020-21 | KSATSR(P10)-1119/21<br>Dt.21.12.21 | 32 | 1-11-1,1-11-2,1-11-3,1-11-4,1-11-5,1-11-6,1-11-7,1-11-8,1-11-9,1-12,1-12-1,1-13,1-13-1,1-14,1-15,1-16,1-17,1-18,1-19,1-20,1-21,1-22,1-23,1-24,1-25,1-26,1-27,1-28,1-29,1-30,3-1,3-2 | |
| | | ആകെ | 141 | | |

ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ.)
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ തൃശ്ശൂർ ജില്ലയിലെ പടിയൂര് ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

തൃശ്ശൂർ ജില്ലയിലെ പടിയൂര് ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്